# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുണ്ടക്കയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം പി 11-2283/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 01/12/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുണ്ടക്കയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം പി 11-2283/2022 തീയ്യതി: 01/12/2022

## കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 25-10-2022 | 02-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-10-2022 | 02-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രസാദ് പി. ജി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി ലേഖ വി., ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത എം. എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ അഗസ്റ്റിൻ സി. തേവർകുന്നേൽ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രേഖ ദാസ് കെ. എം. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ഗിരിജ കുമാരി അയ്യപ്പൻ | സെക്രട്ടറി | 01-04-2021 | 03-11-2021 |
| | | 22-11-2021 | 28-12-2021 |
| | | 17-01-2022 | 31-03-2022 |
| രമേഷ് പി. ആർ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-11-2021 | 21-11-2021 |
| | | 29-12-2021 | 16-01-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. റോസ്മി കെ. ബേബി | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. പ്രശാന്ത് എ. എം. | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.)-ഇൻ ചാർജ് | 01-04-2021 | 31-03-2022 |
| ഡോ. ദിവ്യ ആർ. | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. ഫക്രുദ്ദീൻ എ. | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2021 | 31-03-2022 |
| ബ്ലെസി ജോഷി | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ജോബി സെബാസ്റ്റ്യൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(മുണ്ടക്കയം) | 01-04-2021 | 31-03-2022 |
| സജികുമാർ എം. എ. | ഹെഡ്മാസ്റ്റർ | 01-04-2021 | 05-12-2021 |
| ടെസ്സിമോൾ എബ്രഹാം | ഹെഡ്മിസ്ട്രസ് | 06-12-2021 | 31-03-2022 |
| ലിയോ എൽ. ജോസ് | അസിസ്റ്റന്റ് എഞ്ചിനീയർ-LSGD | 01-04-2021 | 10-01-2022 |
| ബെന്നി തോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ-LSGD | 13-01-2022 | 31-03-2022 |
| സൂസൻ ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| രമേഷ് പി. ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| റിയ ആന്റണി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ബിന്ദു എം.ആർ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 11-07-2021 |
| ജെനിറ്റ് ജെയിംസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 12-07-2021 | 31-03-2022 |

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥന് 2021-22 വർഷം പ്രോജക്ടിൽ ചെലവില്ല.

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | വാർഷികപദ്ധതി-അവലോകനം | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | രസീത് പരിപാലനം - അപാകതകൾ | 1-11 |
| 12 | പ്ലാൻ ഫണ്ട് വിനിമയത്തിൽ അപാകത-പ്രോജക്ടുകളുടെ ചെലവ് കണക്കുകളിൽ അവ്യക്തത | 1-12 |
| 13 | കാലാവധി കഴിഞ്ഞ നിക്ഷേപങ്ങൾ മുതൽക്കൂട്ടിയില്ല | 1-13 |
| 14 | അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കുന്നില്ല | 1-14 |
| 15 | സാംഖ്യ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയില്ല | 1-15 |
| 16 | 12.38 ലക്ഷം രൂപ വസ്തുനികുതി കുടിശിക ഡിമാന്റിൽ നിന്നും ഒഴിവാക്കി | 1-16 |
| 17 | ഉപയോഗക്രമം വ്യത്യാസപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു-നികുതി നഷ്ടം | 1-17 |
| 18 | അനധികൃതമായി വസ്തുനികുതിനികുതിയിൽ ഇളവ് നൽകി | 1-18 |
| 19 | ഒരേ റോഡ് തന്നെ പ്രവേശനമാർഗം - വസ്തു നികുതി വ്യത്യസ്ത നിരക്കിൽ | 1-19 |
| 20 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല | 1-20 |
| 21 | വസ്തുനികുതി-46.76 ലക്ഷം കുടിശിക നിലനിൽക്കുന്നു | 1-21 |
| 22 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-22 |
| 23 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല | 1-23 |
| 24 | എഫ്.ടി.ഇ ആൻഡ് ഓ.എസ് ലൈസെൻസ് - സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല | 1-24 |
| 25 | എന്റർടെയിൻമെന്റ് ടാക്സ് പിരിവ് കാര്യക്ഷമമല്ല | 1-25 |
| 26 | ഷോപ്പിങ്ങ് കോംപ്ലക്സ് വാടക-പൊതു അപാകതകൾ | 1-26 |
| 27 | 37.73 ലക്ഷം രൂപ വാടക കുടിശിക നിലനിൽക്കുന്നു-വാടക നിക്ഷേപം(Rent Deposit) മുതൽക്കൂട്ടിയില്ല | 1-27 |

| | | |
|---|---|---|
| 28 | 14.42 ലക്ഷം രൂപ വാടക കുടിശികയുടെ വിശദാംശമില്ല-തനത് വരുമാനം നഷ്ടപ്പെടാൻ സാധ്യത | 1-28 |
| 29 | ലേലത്തുകയിന്മേൽ ജി.എസ്.ടി ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അടവാക്കി | 1-29 |
| 30 | ബസ് സ്റ്റാൻഡ് ഫീസ് പിരിവ് - അപാകതകൾ | 1-30 |
| 31 | വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു | 1-31 |
| 32 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-32 |
| 33 | ടിപ്പർ ലോറി-ലേലനടപടികൾ പൂർത്തീകരിച്ചില്ല. | 1-33 |
| 34 | ആംബുലൻസ് - ഉപയോഗിക്കുന്നില്ല. | 1-34 |
| 35 | മുണ്ടക്കയം ടൗണിലെയും പരിസരങ്ങളിലെയും മാലിന്യ നിർമാർജ്ജനം -ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല | 1-35 |
| 36 | പെറ്റിവർക്കുകൾക്ക് തുക നൽകിയതിലെ അപാകതകൾ | 1-36 |
| 37 | മഴക്കാല പൂർവ്വശുചീകരണം - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-37 |
| 38 | ഗുണഭോക്തൃ ലിസ്റ്റിലില്ലാത്ത വ്യക്തിക്ക് ജലസേചന പമ്പ് സെറ്റ് അനുവദിച്ചു. | 1-38 |
| 39 | തെരുവുവിളക്ക് വാങ്ങൽ - അപാകതകൾ | 1-39 |
| 40 | അനുപൂരകപോഷകാഹാര പദ്ധതി-ഫയൽ ലഭ്യമാക്കിയില്ല. | 1-40 |
| 41 | പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം. | 1-41 |
| 42 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- പൂർത്തിയായില്ല. | 1-42 |
| 43 | ഇ-ടെൻഡർ ഫീസ്- എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമായില്ല. | 1-43 |
| 44 | കാലി ബാരൽ വിലയും ജി എസ് ടി യും തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-44 |
| 45 | സമ്പൂർണ്ണ സാക്ഷരതാപരിപാടി-രേഖകൾ ലഭ്യമല്ല | 1-45 |
| 46 | ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് രജിസ്റ്ററുകളും ഫോറങ്ങളും മുഴുവൻ ലഭ്യമായിട്ടില്ല. | 1-46 |
| 47 | അസിസ്റ്റന്റ് എൻജിനീയർ സൂക്ഷിക്കുന്ന കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല. | 1-47 |
| 48 | കുഴൽകിണർ നിർമ്മാണത്തിനായി നിക്ഷേപിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമായില്ല. | 1-48 |
| 49 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലെ ശ്മശാനം - അപര്യാപ്തതകൾ. | 1-49 |
| 50 | ഹരിതകർമ്മസേന - അവലോകനം | 1-50 |
| 51 | ലൈഫ് ഭവന പദ്ധതി-അവലോകനം | 1-51 |
| 52 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-52 |
| 53 | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ | 1-53 |


ഭാഗം **2**

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്-വിശകലനം

2021-22 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 30.01.2021 തീയതിയിലെ 7(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക (R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 64576316/- | 34,639,076/- |
| വരവ് | 257195450/- | 134,101,063/- |
| ആകെ | 321771766/- | 168,740,139/- |
| ചെലവ് | 318622630/- | 130,763,742/- |
| നീക്കിയിരിപ്പ് | 3149136/- | 37,976,397/- |

ബജറ്റ് പ്രകാരം 26.7 കോടി രൂപയുടെ പ്രതീക്ഷിത വരവും 31.86 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 23.3 കോടി രൂപയും ചെലവ് 24.02 കോടി രൂപയുമാണ്. മുൻ വർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലമാണ് യഥാർത്ഥ കണക്കുകളും ബജറ്റ് പ്രതീക്ഷിത കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ടായത്. മുന്നിരിപ്പ്-നീക്കിയിരിപ്പ് ബജറ്റിൽ കണക്കാക്കിയതും വലിയ അന്തരത്തിലാണെന്ന് കാണുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 233,359,136/- രൂപയും ചെലവ് 240,218,527/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 6,859,391/- രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 278,478,028/- രൂപയും ബാധ്യതകളുടെ മൂല്യം 149,387,214/- രൂപയും ജനറൽ ഫണ്ട് 129,090,814/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2022 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. ആധികാരികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളുടെ നീക്കിയിരിപ്പ് ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ച ഗ്രാന്റാണ് എന്നതിന്റെ വിവരം ലഭ്യമല്ല.
3. 31/03/2022-ലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം 350200299, 350800299, 350900101 ശീർഷകങ്ങളിൽ നിലനിൽക്കുന്നത് ഏതിനം ഫണ്ടാണെന്ന് വ്യക്തമല്ല.
4. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. സ്റ്റേൽ ചെക്ക് ശീർഷകത്തിലെ തുകയുടെ വിശദാംശം രജിസ്റ്റർ സൂക്ഷിച്ച് നിരീക്ഷിക്കുന്നില്ല. തുകയുടെ കൃത്യതയുടെയും ക്രമീകരണത്തിന്റെ വിശദാംശം ലഭ്യമല്ല.

6. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
7. 412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. മുന്നിരിപ്പായി നിലനിന്നിരുന്ന തുക 2021-22 വർഷം ഫൈനൽ ബിൽ ക്രമീകരണം നടത്തിയിട്ടില്ല.
8. വാടക കണക്കുകൾ ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. കോവിഡ്-19 കാലയളവിലെ വാടക ഇളവ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
9. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
10. Prior Period ആയി 280800701 ശീർഷകത്തിൽ ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത വ്യക്തമല്ല.
11. 12.37 ലക്ഷം രൂപ വസ്തുനികുതി കുടിശിക Prior Period ആയി ക്രമീകരിച്ചതിന് അടിസ്ഥാന രേഖകളുടെ പിൻബലമില്ല.
12. 350410101, 350410102, 350410301 ശീർഷകങ്ങളിലെ യഥാക്രമം വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് അക്രുവൽ വരവുകളുടെ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.
13. KURDFC വായ്പ, Prepaid Programme Expense ശീർഷകങ്ങളിലെ നീക്കിയിരിപ്പുകൾ തമ്മിൽ 2.1 ലക്ഷം രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.
14. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലെ വരവ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2021-22 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 34,639,076/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 134,101,063/- |
| ആകെ | 168,740,139/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 130,763,742/- |
| നീക്കിയിരിപ്പ് | 37,976,397/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,889,004/- |

## 1-4 ഗ്രാന്റ് വിനിയോഗം

മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം രേഖപ്പെടുത്തുന്നതിന് എ.സി.ആർ. സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ധനകാര്യ പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 24,105,856/- | 24,105,856/- | 24,005,487/- | 100,369/- | 99.58 |
| വികസന ഫണ്ട്-SCSP | 0 | 15,746,100/- | 15,746,100/- | 13,485,957/- | 2,260,143/- | 85.65 |
| വികസന ഫണ്ട്- TSP | 0 | 3,167,896/- | 3,167,896/- | 2,525,657/- | 642,239/- | 79.73 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 5,001,425/- | 5,001,425/- | 1,844,851/- | 3,156,574/- | 36.89 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 12,416,526/- | 12,416,526/- | 1,105,191/- | 11,311,335/- | 8.9 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 16,512,181/- | 16,512,181/- | 12,042,085/- | 4,470,096/- | 72.93 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 10,963,222/- | 10,963,222/- | 3,917,973/- | 7,045,249/- | 35.74 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 1,280,377/- | 0 | 1,280,377/- | 210,000/- | 1,070,377/- | - |
| WGDP ഫണ്ട് | 91,111/- | 0 | 91,111/- | 0 | 91,111/- | - |
| ICDS ഫണ്ട് | 972,234/- | 1,530,432/- | 2,502,666/- | 1,218,678/- | 1,283,988/- | - |
| PYKA ഫണ്ട് | 140,976/- | 0 | 140,976/- | 0 | 140,976/- | - |
| പ്രത്യേക ഗ്രാന്റ് | 1,601,546/- | 0 | 1,601,546/- | 0 | 1,601,546/- | - |
| സാക്ഷരത ഫണ്ട് | 159,546/- | 0 | 159,546/- | 0 | 159,546/- | - |
| ശുചിത്വ ഗ്രാന്റ് | 2,258,353/- | 330,000/- | 2,558,353/- | 535,000/- | 2,053,353/- | - |
| ശബരിമല ഗ്രാന്റ് | 794,610/- | 280,000/- | 1,074,610/- | 0 | 1,074,610/- | - |
| ലൈബ്രറി ഗ്രാന്റ് | 0 | 22,320/- | 22,320/- | 22,320/- | 0 | - |
| ലൈഫ് മിഷൻ | 1,415,572/- | 6,440,508/- | 7,856,080/- | 1,968,154/- | 5,887,926/- | - |
| ബ്ലോക്ക് പഞ്ചായത്ത് (മൂലധന ചെലവ്) | 451,945/- | 0 | 451,945/- | 0 | 451,945/- | - |
| ജില്ല പഞ്ചായത്ത് (മൂലധന ചെലവ്) | 3,000,000/- | 0 | 3,000,000/- | 0 | 3,000,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 3,510,782/- | 0 | 3,510,782/- | 0 | 3,510,782/- | - |

| | | | | | | |
|---|---|---|---|---|---|---|
| (റവന്യൂ ചെലവ്) | | | | | | |
| ജില്ല പഞ്ചായത്ത് (റവന്യൂ ചെലവ്) | 19,685/- | 0 | 19,685/- | 0 | 19,685/- | - |
| ഗുണഭോക്തൃ വിഹിതം | 98,649/- | 1,481,661/- | 1,580,310/- | 800/- | 1,579,510/- | - |
| ക്യാപ്പിറ്റൽ ഫണ്ട് | 137,531/- | 0 | 137,531/- | 0 | 137,531/- | - |
| Epidemic Control | 0 | 100,000/- | 100,000/- | 0 | 100,000/- | - |
| നിർമ്മൽ പുരസ്കാരം | 333,815/- | 0 | 333,815/- | 0 | 333,815/- | - |

വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവ് ചെയ്ത തുക 74,422/- രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക തൻവർഷം ലഭിച്ചിട്ടുണ്ട്. വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച അധിക അലോട്ട്മെന്റിന്റെയും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 22,948,000/- | 1,157,856/- | 24,105,856/- | 318/22-584,000/-<br>319/22-584,000/-<br>370/22-584,000/-<br>316/22-674,667/-<br>320/22-1,070,667/-<br>385/22-1,696,492/-<br>ആകെ-5,193,826/- | 18,912,030/- |
| വികസന ഫണ്ട്-SCSP | 14,557,000/- | 1,189,100/- | 15,746,100/- | 317/22-381,333/-<br>321/22-300,667/-<br>368/22-453,100/-<br>ആകെ-1,135,100/- | 14,611,000/- |
| വികസന ഫണ്ട്-TSP | 2,896,000/- | 271,896/- | 3,167,896/- | 322/22-7,333/-<br>369/22-21,074/-<br>ആകെ-28,407/ | 3,139,489/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 10,153,000/- | 735,800/-<br>74,422/- | 10,963,222/- | ഇല്ല | 10,963,222/- |
| മെയിന്റനൻസ് | 19,368,000/- | 66,181/- | 19,434,181/- | 2,922,000/- | 16,512,151/- |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്- Road | | | | ലഭിച്ചില്ല | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 4,273,000/- | 630,953/- 97,472/- | 5,001,425/- | ഇല്ല | 5,001,425/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied | 6,410,000/- | 6,006,526/- | 12,416,526/- | ഇല്ല | 12,416,526/- |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 2021-22 വർഷത്തെ ബജറ്റ് അലോട്ട്മെന്റ്(Tied 64.1 ലക്ഷം രൂപ, Untied 42.73 ലക്ഷം രൂപ) പഞ്ചായത്തിന്റെ ഇ-ഗ്രാമ സ്വരാജിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിലും(ഫെഡറൽ ബാങ്ക് മുണ്ടക്കയം ശാഖ അക്കൗണ്ട് നം.13970100183309) മുൻവർഷത്തെ ക്യാരിഓവർ വിഹിതം ട്രഷറിയിൽ അലോട്ട്മെന്റായുമാണ് ലഭിച്ചത്. ബാങ്ക് അക്കൗണ്ടിൽ ലഭിച്ച പലിശ 97,472/- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് 14,467,709/- നീക്കിയിരിപ്പിൽ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന 8,168,415/- രൂപ കിഴിച്ച് 6,299,494/- രൂപ തൻവർഷം ലാപ്സായിട്ടുണ്ട്.

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും ഫണ്ടിന്റെ വിനിമയത്തിലെയും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സംബന്ധിച്ച് വാർഷിക കണക്കുകൾ, ചെലവ് പത്രിക എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ടതുമായ അപാകതകൾ താഴെ വിവരിക്കുന്നു.

1. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്(റോഡ്) എന്നിവയുടെ ചെലവ് കണക്കുകൾ ഗ്രാന്റ് പത്രിക, ചെലവ് പത്രിക എന്നിവ എ.സി.ആറിലെ കണക്കുകളിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. പ്രസ്തുത ഫണ്ട് വകയിരുത്തിയ പ്രോജക്ട് ചെലവുകൾ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശം ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്.
2. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഓ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല. ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. മെയിന്റനൻസ് ഗ്രാന്റ് മൂന്നാംഗഡു റോഡ് ഗ്രാന്റ് 26/02/2022 ലെ സ.ഉ.(സാധാ) നം.1345/2022/ധന പ്രകാരം 29.22 ലക്ഷം രൂപ തിരികെ സർക്കാരിലേക്ക് മുതൽക്കൂട്ടിയതിനാൽ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.
4. 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം വികസന ഫണ്ട്(TSP), മെയിന്റനൻസ് ഗ്രാന്റ് (Road) ഇനങ്ങളിൽ അധിക അലോട്ട്മെന്റായി ലഭിച്ച മുകളിൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന തുകകൾ അലോട്ട്മെന്റായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
5. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2021-22 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 97,472/- രൂപ അലോട്ട്മെന്റായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ എ.സി.ആറിലും ഗ്രാന്റ് പത്രികയിലും അലോട്ട്മെന്റിൽ ടി തുകയുടെ അലോട്ട്മെന്റ് കുറവായി പ്രതിഫലിക്കുന്നു.
6. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, കോൺട്രിബ്യൂഷനുകൾ, ഗുണഭോക്തൃ വിഹിതം തുടങ്ങിയവയുടെ മുന്നിരിപ്പ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഗ്രാന്റുകളുടെ ഉദ്ദേശ്യം, പ്രോജക്ട്, ലഭിച്ച കാലയളവ്, ലഭ്യമാക്കിയ ഏജൻസി തുടങ്ങിയ വിവരങ്ങൾ ഒന്നും ലഭ്യമല്ല.
7. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയ കണക്കുകളിൽ അവ്യക്തതയും അപാകതകളും നിലനിൽക്കുന്നു. ICDS ഫണ്ട് ധനകാര്യ പത്രിക പ്രകാരം 1,218,678/- രൂപ ചെലവുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ ടി ഫണ്ടിന്റെ പ്രേജക്ട് ചെലവ് 12 ലക്ഷം രൂപ എന്നാണ് കാണുന്നത്(പ്രോജക്ട് നം.58/22).
8. ശുചിത്വ മിഷൻ ഗ്രാന്റ് ചെലവ് ധനകാര്യ പത്രിക പ്രകാരം 5.35 ലക്ഷം രൂപ ഏതൊക്കെ

പ്രോജക്ടുകൾക്ക് ചെലവഴിച്ചതാണ് എന്ന് വ്യക്തമല്ല.

9. ലൈഫ് മിഷൻ സംസ്ഥാന വിഹിതം 47.45 ലക്ഷം രൂപയാണ് ചെലവ് പത്രിക പ്രകാരം പ്രോജക്ട് ചെലവ്. എന്നാൽ ധനകാര്യ പത്രിക പ്രകാരം 1,968,154/- രൂപയാണ് ചെലവ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.
10. ഗുണഭോക്തൃ വിഹിതം തുകയുടെ വരവ്-ചെലവ് ധനകാര്യ പത്രിക പ്രകാരമുള്ളത് സുലേഖ ചെലവ് പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. പ്രോജക്ട് പ്രകാരം ചെലവഴിച്ച ഗുണഭോക്തൃവിഹിതം തുകയുടെ ചെലവ് ഗുണഭോക്തൃവിഹിതം ശീർഷകത്തിൽ പ്രതിഫലിച്ചിട്ടില്ല. ആകെ 800/- രൂപയുടെ തിരിച്ചടവ് മാത്രമാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.
11. ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ പഞ്ചായത്ത് ഫണ്ടിലെ മുന്നിരിപ്പ് ഏത് പ്രോജക്ടുകൾക്ക് ലഭിച്ചതാണ് എന്ന് വ്യക്തമല്ല.
12. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ആകെ ചെലവ് ധനകാര്യ പത്രിക പ്രകാരം 3,754,755/- രൂപയും ധനകാര്യ പത്രിക പ്രകാരം 3,250,255/- രൂപയുമാണ്. ചെലവിലുള്ള വ്യത്യാസം 504,500/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിലവിലുണ്ടായിരുന്ന മുൻവർഷങ്ങളിൽ ലഭിച്ച തുകയിൽ നിന്ന് ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല.
13. പൊതു ഉദ്ദേശ്യ ഗ്രാന്റ് പതിമൂന്നാം ഗഡു എൻക്യാഷ് ചെയ്യാതിരുന്നതിനാൽ പഞ്ചായത്തിന് നഷ്ടമായി.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, കോൺട്രിബ്യൂഷനുകൾ എന്നിവയുടെ 2021-22 എ.സി.ആർ. തയ്യാറാക്കി മുന്നിരിപ്പിന്റെ എല്ലാ വിശദാംശങ്ങളും (ലഭിച്ച കാലയളവ് ,ഉദ്ദേശ്യം, പ്രോജക്ട്, ലഭ്യമാക്കിയ സർക്കാർ അതോറിറ്റി) സാക്ഷ്യപ്പെടുത്തി ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഹാജരാക്കേണ്ടതാണ്. സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അപാകതകളും കണക്കുകൾ സാധൂകരിക്കുന്ന രേഖകളുടെ അഭാവവും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകുന്നത് എന്നത് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-5 വാർഷികപദ്ധതി-അവലോകനം

2021-22 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 04-02-2021 ലും പദ്ധതിരൂപീകരണത്തിനായുള്ള ഗ്രാമസഭകൾ 05-02-2021 മുതൽ 14-02-2021 വരെയും ഊരുകൂട്ടംയോഗം 10-02-2021,13-02-2021,14-02-2021 തീയതികളിലും നടക്കുകയുണ്ടായി. വിവിധ തലങ്ങളിലെ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് വികസനസെമിനാറിൽ വാർഷികപദ്ധതിക്ക് അന്തിമരൂപം നല്കി. ഗ്രാമപഞ്ചായത്ത് കമ്മിറ്റി അന്തിമ അംഗീകാരം നല്കിയ വാർഷിക പദ്ധതി 24-03-2022 തീയതിയിലെ 81898/21/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചു.

വാർഷികപദ്ധതിയുടെ വിവരം.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം. | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 315 | 207 | 193061622 | 93174075 | 48.26 |

അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച | നടപ്പിലാക്കിയത്. | പ്രോജക്ടുകൾക്കായി വകയിരുത്തിയ | ചെലവ്. |
|---|---|---|---|---|---|

| | | പ്രോജക്ടുകൾ | | തുക. | |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 9 | 9 | 1962904 | 1692320 |
| 2 | വെറ്ററിനറി സർജൻ | 8 | 8 | 6771700 | 4307145 |
| 3 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 2 | 2 | 2195000 | 964848 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 1000000 | 1000000 |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 |
| 6 | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ | 18 | 17 | 81236500 | 32409845 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 8 | 9573755 | 6915780 |
| 8 | സെക്രട്ടറി | 58 | 38 | 24156682 | 11486551 |
| 9 | അസിസ്റ്റന്റ് എൻജിനീയർ. | 185 | 107 | 56520081 | 28870805 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1200000 | 1200000 |
| 11 | ഹെഡ് മാസ്റ്റർ | 1 | 1 | 125000 | 91800 |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 0 | 414000 | 00 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി. | 20 | 14 | 7706000 | 4034981 |
| | ആകെ | 315 | 207 | 193061622 | 93174075 |

അംഗീകാരം ലഭിച്ച ആകെ 315 പ്രോജക്ടുകളിൽ 207 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയിൽ 48.26 ശതമാനം ചെലവഴിക്കുകയുണ്ടായി. സ്പിൽ ഓവറായി നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച 73 പ്രോജക്ടുകളിൽ 51എണ്ണം മാത്രമാണ് നടപ്പാക്കിയത്. സ്പിൽ ഓവറായി എടുക്കുന്ന പ്രോജക്ടുകൾ മുഴുവൻ നടപ്പാക്കുന്നില്ലയെന്നത് പദ്ധതിനിർവഹണത്തിലെ കാര്യക്ഷമതയില്ലായ്മയാണ് വ്യക്തമാക്കുന്നത്.

13-ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യമായ തുടർച്ചാസാധ്യതയോടെയുള്ള പരിസ്ഥിതി സുരക്ഷ, സാമൂഹ്യനീതി, സാമ്പത്തികവളർച്ച എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന വാർഷികപദ്ധതി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണം, ഹരിതകേരളം എന്നീ മിഷനുകളുമായി ഏകോപിപ്പിച്ച നടപ്പിലാക്കുന്നതിന് നിർദ്ദേശമുണ്ടായിരുന്നെങ്കിലും പൂർണ്ണ ഫലപ്രാപ്തിയുണ്ടായില്ല.

വിവിധ നിർവഹണഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകൾ സമൂഹത്തിലെ വ്യത്യസ്ത ജനവിഭാഗങ്ങളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക പുരോഗതിക്കും ,വിവിധ പ്രദേശങ്ങളുടെ വികസനത്തിനും സഹായകമായിട്ടുണ്ട്.മരാമത്ത് പ്രവൃത്തികളിലുൾപ്പെടെ എല്ലാ പ്രോജക്ടുകളും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥരും, ഭരണസമിതിയും ശ്രദ്ധ പതിപ്പിച്ചില്ല.

മരാമത്ത് പ്രവൃത്തികൾക്ക് പുറമേ ഉല്പാദന, സേവന മേഖലകളിലെ പ്രോജക്ടുകളിലൂടെ ഗ്രാമപഞ്ചായത്തിൽ സാധാരണജീവിത നിലവാരം മെച്ചപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടെങ്കിലും പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുതകുന്ന കാര്യക്ഷമമായ നടപടികൾ ഇനിയും ഉണ്ടാവണം.

വാർഷിക പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ ഫലപ്രദമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണമെന്ന് പദ്ധതി മാർഗരേഖാ നിർദ്ദേശങ്ങൾ പ്രാവർത്തികമാകുന്നില്ല.ഭ രണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

സർക്കാർ ഗ്രാന്റുകൾ ലാപ്സായത് .

പ്രോജക്ടുകൾ നടപ്പാകാത്തത് മൂലം ചുവടെ ചേർക്കും പ്രകാരം സർക്കാർ ഗ്രാന്റുകൾ ലാപ്സാവുകയുണ്ടായി. വാർഷികപദ്ധതി നിർവഹണത്തിനായി ലഭിക്കുന്ന സർക്കാർ ഗ്രാന്റുകൾ ലാപ്സാവുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

| ഇനം | ആകെ ലഭ്യമായ തുക | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായത് |
|---|---|---|---|
| വികസന ഫണ്ട്-പൊതു വിഭാഗം | 24105856 | 24005487 | 100369 |
| വികസന ഫണ്ട്-എസ്.സി.പി | 15746100 | 13485957 | 2260143 |
| വികസന ഫണ്ട്-ടി.എസ്.പി | 3167896 | 2525657 | 642239 |
| മെയിന്റനൻസ് ഗ്രാന്റ്, (റോഡിതരം) | 10963222 | 3917973 | 7045249 |
| മെയിന്റനൻസ് ഗ്രാന്റ്, (റോഡ്) | 16512181 | 12042085 | 4470096 |
| ധനകാര്യകമ്മീഷൻഗ്രാന്റ്(അൺടൈഡ്) | 5001425 | 1844851 | 3156574 |
| ധനകാര്യകമ്മീഷൻഗ്രാന്റ്(ടൈഡ്) | 12416526 | 1105191 | 11311335 |

ധനകാര്യകമ്മീഷൻ ഗ്രാന്റ് തുകയിൽ ബാങ്ക് അക്കൗണ്ടിൽ ബാക്കിനിൽക്കുന്നത് കിഴിച്ച് ലാപ്സായതുക 63 ലക്ഷം രൂപയാണ്. ഗ്രാന്റ് തുകകൾ ലാപ്സാകാതെ പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 5320 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർബജറ്റ് പ്രകാരം 360 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 275 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 275 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 139429 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2077 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, വൃക്ഷതൈ നടീൽ, പച്ചതുരുത്ത്, ഇടക്കയ്യാല നിർമ്മാണം, തീറ്റപ്പുൽകൃഷി, കാലിത്തൊഴുത്ത് നിർമ്മാണം, ആട്ടിൻ കൂട് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രോജക്ടുകളാണ് തൻ വർഷം ഏറ്റെടുത്ത് നടപ്പിലാക്കിയത്. ഏറ്റെടുക്കുന്ന എല്ലാ പ്രോജക്ടുകളും നടപ്പിലാക്കാൻ സാധിക്കാത്തത് ശരിയായ പഠനവും വിലയിരുത്തലുമില്ലാതെ ടാർജറ്റുകൾ നിശ്ചയിക്കുന്നതിനാലും അനാവശ്യമായും പ്രായോഗികമായി വിജയകരമല്ലാത്തവയും ആയതിനാലുമാണ്. പ്രാദേശികമായി യോജിക്കുന്ന പ്രവൃത്തികൾക്ക് പ്രാധാന്യം നൽകേണ്ടതാണ്.

ക്യാഷ് ബുക്ക് പ്രകാരമുള്ള 2021-22 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1467 |

| | | | |
|---|---|---|---|
| വരവ് | ഇ എഫ് എം എസ് വരവ് | 46423337 | 48733218 |
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ ) | 2309881 | |
| ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | | | 48734685 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 40372897 | 48724021 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 1108510 | |
| | ഉപകരണങ്ങളുടെ വില, വാടക | 4941930 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 2300684 | |
| നീക്കിയിരിപ്പ് | | 10664 | |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2021-22 വർഷം മുണ്ടക്കയം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6,240/- | 4 |
| വാർദ്ധക്യകാലപെൻഷൻ | 53,504,800/- | 3729 |
| കർഷകതൊഴിലാളി പെൻഷൻ | 2,368,400/- | 155 |
| വിധവാപെൻഷൻ | 19,807,600/- | 1317 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 1,006,000/- | 63 |
| വികലാംഗപെൻഷൻ | 6,964,100/- | 458 |
| വിവാഹ ധനസഹായം | 90,000/- | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2022 തീയതി 3.20 പി. എം. ന് സ്ഥാപന മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 6456/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിൽ പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്.ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ, എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. പദ്ധതിയിതര ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.തനത് വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കൃത്യമായ ഡി.സി.ബി തയാറാക്കി കുടിശിക ഉൾപ്പെടെ ഈടാക്കിയിട്ടില്ല.നികുതി നികുതിയേതര വരുമാനങ്ങൾ ഈടാക്കുന്നതിൽ കാര്യക്ഷമത പുലർത്തുന്നില്ല.വാടക,വസ്തുനികുതി ഇനങ്ങളിൽ വൻ കുടിശ്ശിക നിലനില്ക്കുന്നതിൽ നിന്ന് തനത് വരുമാനം വർധിപ്പിക്കുന്നതിനും ഡിമാന്റിലുള്ളവ പോലും ഈടാക്കാനും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിൽ കൃത്യമായ നടപടി ഉണ്ടാവുന്നില്ലയെന്നാണ്. ബസ് സ്റ്റാന്റ് ഫീസ് പിരിവ് പഞ്ചായത്തുമായി ഔദ്യോഗിക കരാറോ,ധാരണയോ ഉണ്ടാക്കാത്ത വ്യക്തിയെയാണ് ഏല്പിച്ചിരിക്കുന്നത്. സാധനങ്ങളുടെയും

സേവനങ്ങളുടെയും വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും കൃത്യമായി പാലിച്ചിട്ടില്ല.പ്രൊക്യൂവർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയിൽ ഓഡിറ്റ് വർഷത്തെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.വിവിധ ഓഫീസ് സെക്ഷനുകളിൽ ഫയൽ സൂക്ഷിപ്പിൽ ഉദ്യോഗസ്ഥർ തികഞ്ഞ അലംഭാവം കാട്ടിയതായി കാണുന്നു. അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. വാർഷികപദ്ധതി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലെ വീഴ്ചകൾ സർക്കാർ ഗ്രാന്റ് ലാപ്സാകുന്നതിനും കാരണമായി. അംഗീകാരം ലഭിച്ച 315പ്രോജക്ടുകളിൽ 207എണ്ണം മാത്രമാണ് നടപ്പാക്കിയത്. വാർഷിക പദ്ധതി പ്രോജക്ടുകൾ മോണിട്ടർ ചെയ്യുകയുണ്ടായില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കണമെന്ന് വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകളിൽ നിഷ്കർഷിക്കുന്നെങ്കിലും അപ്രകാരം ഉണ്ടായില്ല.കോവിഡ്,പ്രളയം എന്നിവ ഗ്രാമപഞ്ചായത്തിന് വലിയ പ്രതിസന്ധി ഉണ്ടാക്കിയത് പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പഞ്ചായത്ത് അംഗങ്ങളും ഉദ്യോഗസ്ഥരും തമ്മിൽ കൃത്യമായ ഏകോപനത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ നിലനില്ക്കുന്ന കുറവുകൾ പരിഹരിച്ച് സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.06.2022 | 11/21 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.09.2017 മുതൽ 22.09.2017 വരെ. | 2012-13 മുതൽ 2016-17 വരെ | LBA (HQ) I I/8A-2684/ 17-18/ 242 തീയതി 01.11.2017 |

## 1-11 രസീത് പരിപാലനം - അപാകതകൾ

ഗുണഭോക്തൃവിഹിതം ശേഖരിക്കുന്നതിന് വെറ്ററിനറി സർജന് നൽകിയ രസീത് ബുക്കുകൾ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു .

1. ഗുണഭോക്തൃവിഹിതം അടവാക്കിയ ആളുകൾക്ക് തീയതി രേഖപ്പെടുത്താതെയാണ് രസീത് നൽകിയത്. കളക്ഷൻ തുക പഞ്ചായത്തിൽ അടയ്ക്കുന്ന തീയതിയിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെ അസ്സൽ രസീതിൽ തീയതി എഴുതി ചേർക്കുന്നതായാണ് കാണുന്നത്.

2. കോഴിവളർത്തൽ പദ്ധതിയുടെ ഗുണഭോക്തൃവിഹിതമായി 600/- രൂപ അടച്ച ആളുകൾക്ക് പ്രത്യേകമായി രസീത് നൽകാതെ ഒന്നിൽ കൂടുതൽ ആളുകളുടേതായ തുകയ്ക്ക് ഒറ്റ രസീത് നൽകിയിരിക്കുന്നു. പരിശോധനയ്ക്കായി ഹാജരാക്കിയ കളക്ഷൻ രജിസ്റ്ററിലും തുക അടവാക്കിയവരുടെ പേര് വിവരങ്ങൾ ചേർത്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം. | രസീത് ബുക്ക്/ രസീത് നമ്പർ | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 22090/87 | 13200/- | 22 |
| 2 | 22090/93 | 4200/- | 7 |
| 3 | 22090/94 | 17400/- | 29 |

| | | | |
|---|---|---|---|
| 4 | 22097/95 | 16200/- | 27 |

മേൽ അപാകതകൾ സംബന്ധിച്ച് എൻക്വയറി (നം. 3/27.10.2022) നൽകിയിരുന്നു . ക്രമ നമ്പർ 1 ന് മറുപടിയായി ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുവാൻ വിട്ടുപോയി എന്നാണ് മറുപടിയായി അറിയിച്ചിരിക്കുന്നത്. ആയത് അംഗീകരിക്കാവുന്നതല്ല. കോഴി വളർത്തൽ പദ്ധതിയുടെ ഗുണഭോക്താക്കൾ വളരെയധികം ഉള്ളതിനാൽ ഓരോ വാർഡിലെയും ഗുണഭോക്തൃ വിഹിതം വാർഡ് മെമ്പർ / എഡിഎസ് മെമ്പർ വഴി ഒരുമിച്ച് കളക്ട് ചെയ്തു അടയ്ക്കുകയും ആയതിന് ഒറ്റ രസീത് നൽകുകയുമാണ് ചെയ്തതെന്നാണ് ക്രമ നമ്പർ 2 അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. കെ.എഫ്.സി വോളിയം I, ആർട്ടിക്കിൾ 7(1) പ്രകാരം തുക അടയ്ക്കുന്ന ആളുകൾക്ക് പ്രത്യേകം രസീത് നൽകേണ്ടതാണ്. ഓരോ സർക്കാർ ഉദ്യോഗസ്ഥനും സർക്കാരിന്റെ സാമ്പത്തിക ചട്ടങ്ങളെക്കുറിച്ച് അറിവുണ്ടാകേണ്ടതാണ്. തെറ്റായ പ്രവണതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

## 1-12 പ്ലാൻ ഫണ്ട് വിനിമയത്തിൽ അപാകത-പ്രോജക്ടുകളുടെ ചെലവ് കണക്കുകളിൽ അവ്യക്തത

മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ വിനിമയത്തിൽ അപാകതകൾ ഉള്ളതായി കാണുന്നു. ഗ്രാന്റുകളിൽ നിന്ന് ചെലവഴിച്ച തുകകൾ പ്രോജക്ട് ചെലവായി സുലേഖ ചെലവ് പത്രിക, ഗ്രാന്റ് പത്രിക എന്നിവയിൽ പ്രതിഫലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ഫണ്ടിനം | G.O. Project | ACR പ്രകാരം | ആകെ ചെലവ് | ചെലവ് പത്രിക/ ഗ്രാന്റ് പത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 5,193,826/- | 18,811,661/- | 24,005,487/- | 21,916,497/- | 2,088,990/- |
| വികസന ഫണ്ട് (SCSP) | 1,135,100/- | 12,350,857/- | 13,485,957/- | 12,161,747/- | 1,324,210/- |
| വികസന ഫണ്ട് (TSP) | 28,407/- | 2,954,127/- | 2,982,534/- | 2,525,657/- | 456,877/- |
| മെയിന്റനൻസ് ഗ്രാന്റ്(Road) | 0 | 12,070,005/- | 12,070,005/- | 12,042,085/- | 27,920/- |

അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തിയ 195/22 പൊതുമാർക്കറ്റിന്റെ അടിസ്ഥാനസൗകര്യവികസനം, 196/22 ഡ്രെയിനേജ് ഇൻ ബസ് സ്റ്റാന്റ് എന്നീ പ്രോജക്ടുകൾ പ്രകാരം പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് യഥാക്രമം 399389/,571936/രൂപ വീതം ചെലവ് ഉണ്ടെങ്കിലും ഇവ സുലേഖ പത്രികയിൽ പ്രതിഫലിക്കുന്നില്ല.

പ്രോജക്ടുകളുടെ ബിൽ എൻക്യാഷ് ചെയ്തത് സുലേഖ പത്രികയിലും ഗ്രാന്റ് പത്രികയിലും ചെലവായി പ്രതിഫലിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. ധനകാര്യ പത്രികയിലും മേൽപറഞ്ഞ ഗ്രാന്റുകളുടെ ചെലവ് കണക്കിൽ അപാകതയുള്ളതായി കാണുന്നു. ഉദാഹരണമായി മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട് (ജനറൽ) അലോട്ട്മെന്റ് 2.41 കോടി രൂപയായിരുന്നു. ലഭിച്ച തുകയിൽ അധികരിച്ച് അതിൽ നിന്ന് 2.75 കോടി രൂപയുടെ ചെലവ് ആയി അക്കൗണ്ട് ചെയ്തതായി I-6 പത്രികയിൽ കാണുന്നു. മേൽവിവരിച്ച പ്രകാരം ഗ്രാന്റ് വിനിയോഗത്തിൽ പ്രോജക്ടുകളുടെ ചെലവിൽ നിലനിൽക്കുന്ന അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.15/2021-22/29.10.2022) നൽകിയതിന് മറുപടി ലഭ്യമായില്ല. മേൽവിവരിച്ച പ്രകാരം ഗ്രാന്റ്

വിനിയോഗത്തിൽ നിലനിൽക്കുന്ന അപാകതയ്ക്ക് ആധികാരികമായ വിശദീകരണം IKM ന്റെ സഹായത്തോടെ ലഭ്യമാക്കേണ്ടതാണ്. ഗ്രാന്റ് വിനിയോഗത്തിലെ അപാകതകൾ നിലനിൽക്കെയാണ് ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

## 1-13 കാലാവധി കഴിഞ്ഞ നിക്ഷേപങ്ങൾ മുതൽക്കൂട്ടിയില്ല

31/03/2022 ലെ ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം അവശേഷിക്കുന്ന കാലാവധി കഴിഞ്ഞ പഞ്ചായത്ത് ഫണ്ടിലുള്ള നിക്ഷേപങ്ങൾ മുതൽക്കൂട്ടിയില്ല എന്ന് കാണുന്നു. ഡെപോസിറ്റ് രജിസ്റ്റർ പ്രകാരം നിക്ഷേപങ്ങൾ ലഭിച്ച ശേഷം പത്ത് വർഷത്തിൽ അധികരിച്ച നിലയിൽ ഇ.എം.ഡി. തുടങ്ങിയ നിക്ഷേപങ്ങൾ അവശേഷിക്കുന്നതായി കാണുന്നു. ഡെപോസിറ്റ് രജിസ്റ്ററിൽ വിവിധ നിക്ഷേപങ്ങൾ ഏത് പ്രോജക്ടിന് അല്ലെങ്കിൽ ഉദ്ദേശ്യത്തിന് ലഭിച്ചതാണ് എന്നതിന്റെ വിവരവും, പ്രോജക്ട് പൂർത്തിയാക്കിയ തീയതിയും രേഖപ്പെടുത്തുന്നില്ല. ചില നിക്ഷേപങ്ങൾ നടത്തിയ വ്യക്തി അല്ലെങ്കിൽ സ്ഥാപനത്തിന്റെ വിശദാംശവും ചേർത്തിട്ടില്ല. 2015 വർഷത്തെ തദ്ദേശഭരണ ഇലക്ഷൻ നിക്ഷേപം നിലവിലും പഞ്ചായത്ത് ഫണ്ടിന് ബാധ്യതയായി നിലനിൽക്കുന്നുണ്ട് എന്ന് ഡെപോസിറ്റ് രജിസ്റ്ററിൽ കാണുന്നു.

24/11/2021 ലെ 9/1 നം. തീരുമാനത്തിൽ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ തീരുമാനിച്ചിരുന്നു. എന്നാൽ 2021-22 വർഷം കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടി പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കിയതായി കാണുന്നില്ല. ഡെപോസിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ മേൽവിവരിച്ച പ്രകാരമുള്ള അപാകതയ്ക്കും നിക്ഷേപങ്ങൾ മുതൽക്കൂട്ടാതിരുന്നതിനും വിശദീകരണം രേഖാമൂലം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.33/2021-22/01.11.2022) നൽകിയതിന് നിക്ഷേപങ്ങൾ മുതൽക്കൂട്ടി വിശദാംശം ലഭ്യമാക്കുമെന്നാണ് മറുപടിയിൽ അറിയിച്ചത്. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി അക്കൗണ്ടിങ് ക്രമീകരണം നടത്തി ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിശദാംശങ്ങൾ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട രജിസ്റ്ററിന്റെ പകർപ്പ് ഉൾപ്പടെ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-14 അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കുന്നില്ല

31/03/2022 ലെ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം നിലനിൽക്കുന്ന പഞ്ചായത്ത് ഫണ്ടിൽ നിന്ന് നൽകിയിട്ടുള്ള മുൻകൂറുകൾ, നിക്ഷേപ പ്രവൃത്തി തുകകൾ തുടങ്ങിയവ കൃത്യമായി ക്രമീകരിക്കുന്നില്ല. ഉദാഹരണമായി 460100103 ശീർഷകത്തിൽ നിലനിൽക്കുന്ന 90,167/- രൂപയിൽ 80,167/- രൂപ 2017 ഏപ്രിൽ മാസം സാക്ഷരത പ്രേരകിന് നല്കിയ ഓണറേറിയം ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകയാണ് (അഡ്വാൻസ് രജിസ്റ്റർ പ്രകാരം). പഞ്ചായത്ത് ഫണ്ടിൽ സാക്ഷരത ഫണ്ട് എന്ന ശീർഷകത്തിൽ ബി-4 ഷെഡ്യൂളിൽ തുക ലഭിച്ചത് അവശേഷിക്കുന്നുമുണ്ട്. ടി തുക (സാക്ഷരത ഫണ്ട്) ഏത് ഉദ്ദേശ്യത്തിന് ലഭിച്ചതാണ് എന്ന് എ.സി.ആർ. സൂക്ഷിക്കാത്തതിനാൽ വ്യക്തമല്ല.

കൂടാതെ മറ്റ് അഡ്വാൻസുകളും നിക്ഷേപ പ്രവൃത്തി തുകകളും ക്രമീകരണം നടത്താതെ അവശേഷിക്കുന്നതായി ഡെപോസിറ്റ് രജിസ്റ്ററിൽ കാണുന്നു. അപാകതയ്ക്ക് വിശദീകരണം രേഖാമൂലം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.34/2021-22/01.11.2022) നൽകിയതിന് അഡ്വാൻസുകൾ ക്രമീകരിക്കുമെന്ന് മറുപടിയിൽ അറിയിച്ചു. സാക്ഷരത ഫണ്ട് പഞ്ചായത്തിൽ നിലനിൽക്കുന്നത് അഡ്വാൻസ് ക്രമീകരിക്കാൻ ലഭിച്ചതാണോ എന്ന് പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്. മറ്റ് അഡ്വാൻസുകളും ക്രമീകരിച്ച് വിശദാംശം ഉൾപ്പടെ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-15 സാംഖ്യ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയില്ല

01.04.2022 മുതൽ ILGMS സംവിധാനം നിലവിൽ വന്നതിനാൽ ഉപയോഗിക്കാനാവാതെ സ്റ്റോക്കിൽ അവശേഷിക്കുന്ന സാംഖ്യ രസീതുകളുടെ വിശദാംശം ലഭ്യമാക്കിയില്ല. മേൽ രസീതുകളുടെ പരിപാലനം/ഡിസ്പോസൽ സംബന്ധിച്ച് നിർദ്ദേശങ്ങൾ/ഉത്തരവുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്നും സാംഖ്യ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ട് എൻക്വയറി (നം. 36/01.11.2022) നൽകിയെങ്കിലും മറുപടി

ലഭ്യമാക്കുകയോ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുകയോ ചെയ്തിട്ടില്ല. സാംഖ്യ രസീതുകളുടെ സ്റ്റോക്ക് സംബന്ധിച്ച വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

1-16 12.38 ലക്ഷം രൂപ വസ്തുനികുതി കുടിശിക ഡിമാന്റിൽ നിന്നും ഒഴിവാക്കി

2021-22 സാമ്പത്തിക വർഷത്തിൽ മുൻവർഷങ്ങളിലെ കുടിശികയായ വസ്തുനികുതിയിൽ 1,238,219/- രൂപ ജേർണൽ വൗച്ചർ മുഖേന ക്രമീകരിച്ച് ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| വൗച്ചർ നം./ തീയതി | ഒഴിവാക്കിയ വസ്തുനികുതി |
|---|---|
| 420100264/31.03.2022 | 373,687/- |
| 420100266/31.03.2022 | 864,142/- |
| ആകെ | 1,237,829/- |

കൃത്യമായ രേഖകളുടെ അഭാവത്തിൽ 31/03/2021 തീയതി വരെ ഒടുക്കാനുണ്ടായിരുന്ന വസ്തുനികുതി 2021-22 വർഷത്തെ കുടിശിക വസ്തുനികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കിയത് ക്രമപ്രകാരമല്ല. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം നൽകുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.16/2021-22 /29.10.2022) നൽകിയതിന് മറുപടി ലഭിച്ചില്ല. കൃത്യമായ കണക്കുകളുടെയും അനുബന്ധ രേഖകളുടെയും അഭാവത്തിൽ കുടിശിക ഡിമാന്റിലുള്ള നികുതി എഴുതിത്തള്ളുന്നതിന് പഞ്ചായത്തിന് അധികാരമില്ല എന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു. വസ്തുനികുതി കുടിശിക ഡിമാന്റ് ക്രമീകരിച്ച് നികുതി ഈടാക്കി വിശദാംശം അറിയിക്കേണ്ടതാണ്.

1-17 ഉപയോഗക്രമം വ്യത്യാസപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു-നികുതി നഷ്ടം

2021-22 വർഷം ഉപയോഗക്രമം കൃത്യമായി കണക്കാക്കാതിരുന്നതിനാൽ വ്യത്യസ്ത ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതുമൂലം നികുതിയിൽ കുറവുണ്ടായി. ചുവടെ ചേർത്തിരിക്കുന്ന പ്രകാരം 100 ച.മീ.യിൽ കൂടുതൽ വിസ്തീർണ്ണമുള്ള 50/- രൂപ നിരക്കിൽ നികുതി നിർണ്ണയിക്കേണ്ട കെട്ടിടത്തെ 100 ച.മീ.യിൽ കുറവുള്ള കെട്ടിടത്തിന്റെ ഗണത്തിൽ ഉൾപ്പെടുത്തി 40/- രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചു.

| കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം(ച.മീ) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി(40) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തുനികുതി | കുറവ് നികുതി |
|---|---|---|---|---|---|
| 20/389/a | റജി രവി, | 281 ച.മീ. | 11240 | 14050 | 2810 |
| 20/389/b | ഓടാനിക്കൽ | 297 ച.മീ. | 11880 | 14850 | 2970 |

കെട്ടിടത്തിന്റെ വിസ്തീർണ്ണം 100 ച.മീ.യിൽ കൂടുതൽ ആയിരുന്നു എന്ന് ബോധ്യമായിരുന്നിട്ടും ഉപയോഗക്രമം തെറ്റിച്ച് കുറഞ്ഞ നികുതി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.26/2021-22/31.10.2022) നൽകിയതിന് മറുപടി ലഭിച്ചില്ല. വസ്തുനികുതി പുനർനിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കി വിശദാംശം അറിയിക്കേണ്ടതാണ്.

1-18 അനധികൃതമായി വസ്തുനികുതിനികുതിയിൽ ഇളവ് നൽകി

1994 കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പ് പ്രകാരം വസ്തു നികുതി ഇളവിന് അർഹതയില്ലാത്ത താഴെ പറയുന്ന കെട്ടിടങ്ങളെ സഞ്ചയയിൽ 'നികുതി, ഉപ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ' എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം(ച.മീ) |
|---|---|---|---|
| 1 | 3/88 | കേരള വാട്ടർ അതോറിറ്റി | 15 ച.മീ. |

| | | | |
|---|---|---|---|
| 2 | 2/681 | ജില്ലാ പോലീസ് സൂപ്രണ്ട് | 65 ച.മീ. |
| 3 | 2/709 | തഹസിൽദാർ | 30 ച.മീ. |
| 4 | 5/262 A | മഹേശ്വരി വിശ്വംഭരൻ പുളിക്കലേടത്ത് | 34 ച.മീ. |
| 5 | 5/489 A | മറിയാമ്മ വർഗീസ് പ്ലാപ്പറമ്പിൽ | 64 ച.മീ. |

തെറ്റായി നികുതിയിളവ് നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.24/2021-22/31.10.2022) നൽകിയതിന് മറുപടി ലഭിച്ചില്ല. നികുതിയിളവ് ഒഴിവാക്കി മേൽ കെട്ടിടങ്ങളുടെ നികുതി ഈടാക്കി വിശദാംശം അറിയിക്കേണ്ടതാണ്.

1-19 ഒരേ റോഡ് തന്നെ പ്രവേശനമാർഗം - വസ്തു നികുതി വ്യത്യസ്ത നിരക്കിൽ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് 20 % നികുതി വർദ്ധനവ്, 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ 10 % നികുതി ഇളവ് പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ 20 % നികുതി ഇളവ് എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം- 6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ അടിസ്ഥാനപ്പെടുത്തി വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി വ്യത്യസ്ത നിരക്കിൽ നിർണ്ണയിച്ചതായി കാണുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | 1/143A | ഹഷീം ഇബ്രാഹിം കെ | മുണ്ടക്കയം-കൂട്ടിക്കൽ റോഡ് | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 2 | 1/152A | ഷാനവാസ് പി കെ | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 3 | 8/305B | റോസമ്മ സെബാസ്ര്യൻ | മുണ്ടക്കയം-കോരുത്തോട് റോഡ് | 5. മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 4 | 7/558A | ജോബി തോമസ് | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 5 | 15/298A | സുനിൽ ജോർജ് | കൊരട്ടി-കണ്ണിമല റോഡ് | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 6 | 15/106A | രാജേന്ദ്രൻ നായർ എ | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.23/2021-22 /31.10.2022) നൽകിയതിന് മറുപടി ലഭിച്ചില്ല. റോഡ് അടിസ്ഥാനത്തിലുള്ള നികുതിയിളവുകൾ എല്ലാ കെട്ടിടങ്ങൾക്കും കൃത്യമായി ബാധകമാക്കി നികുതിനിർണ്ണയം നടത്തേണ്ടതാണ്. അപാകത പരിഹരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ് (നിരക്ക് 500/ച.മീ). മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചേർക്കുന്നു.

| ക്രമ ന | കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീ) | നികുതി ഒടുക്കാത്ത കാലയളവ് | കുടിശ്ശിക (രൂപ) |
|---|---|---|---|---|---|
| 1 | 3/23 A | ബിജു ടി നായർ | 50 ച.മീ. | 2021-22 ഒന്നാം അർദ്ധവർഷം | 15750/- |
| 2 | 3/642 A | മാനേജർ വയർലെസ്സ് ടി.ടി ഇൻഫോ സർവീസ് | 50 ച.മീ. | 2013-14 മുതൽ 2015-16വരെ, 2021-22 | 23626*4 = 94504/- |
| 3 | 5/343 A | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ LTD. | 50 ച.മീ. | 2021-22 ഒന്നാം അർദ്ധവർഷം | 10500/- |
| 4 | 5/485 | ടാറ്റ ടെലി സർവീസ് | 50 ച.മീ. | 2012-13 മുതൽ 2015-16വരെ, 2020-21 രണ്ടാം അർദ്ധവർഷം മുതൽ2021-22വരെ | 340+1182+ 23625*4 = 96022/- |
| 5 | 5/519A | ഭാരതി ഇൻഫ്രാടെൽ | 35 ച.മീ. | 2021-22 ഒന്നാം അർദ്ധവർഷം | 8269/- |
| 6 | 12/387A | ഭാരതി ഇൻഫ്രാടെൽ | 50 ച.മീ. | 2021-22 ഒന്നാം അർദ്ധവർഷം | 9188/- |
| 7 | 14/7 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ Ltd. | 50 ച.മീ. | 2021-22 ഒന്നാം അർദ്ധവർഷം | 11813/- |
| 8 | 19/361 B | ഇൻഡസ് ടവേഴ്സ് Ltd. | 50 ച.മീ. | 2021-22 ഒന്നാം അർദ്ധവർഷം | 10500/- |
| 9 | 21/68 | ബിജു ടി നായർ | 30 ച.മീ. | 2021-22 | 20475/- |

വസ്തുനികുതി നിരക്ക് ഏറ്റവും കൂടുതലുള്ള ടവറുകളുടെ നികുതി കൃത്യമായും സമയബന്ധിതമായും ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.22/2021-22 /31.10.2022) നൽകിയതിന് മറുപടി ലഭിച്ചില്ല. ടവറുകളുടെ വസ്തുനികുതി കുടിശിക സഹിതം ഈടാക്കി

വിവരം അറിയിക്കേണ്ടതാണ്.

1-21 വസ്തുനികുതി-46.76 ലക്ഷം കുടിശിക നിലനിൽക്കുന്നു

വസ്തുനികുതി കുടിശിക 31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം ലഭിക്കാനവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്രുവൽ വരവിനം ലഭിക്കാനുള്ളത് | ലഭിക്കാനുള്ള തുക |
|---|---|---|
| 1. | Property Tax-Residnetial(Current) | 1,182,195/- |
| 2. | Property Tax-Non-Residnetial(Current) | 1,363,018/- |
| 3. | Property Tax-Residnetial(Arrear) | 1,333,102/- |
| 4. | Property Tax-Non-Residnetial(Arrear) | 787,614/- |
| ആകെ | | 4,665,929/- |

വസ്തുനികുതി സഞ്ചയ ഡേറ്റാബേസ് പ്രകാരമുള്ള ഡി.സി.ബി. കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ഓരോ വർഷത്തെയും ഡിമാന്റ് കൃത്യമായി നിർണ്ണയിച്ച് അക്രുവൽ ചെയ്ത് നികുതി ഈടാക്കേണ്ടതാണ്. കുടിശിക നികുതി അടവാക്കി വിശദാംശം അറിയിക്കേണ്ടതാണ്.

1-22 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ പരിപാലിക്കുന്ന സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടയ്ക്കുന്നതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | മഡോണ ഫിനാൻസ് | 1, 2 |
| 2 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | 1, 2 |
| 3 | ബജാജ് ഫിൻസെർവ് | 1, 2 |
| 4 | ശ്രീ ഗോകുലം ചിറ്റ്സ് | 1, 2 |
| 5 | വടക്കേമുറിയിൽ ഫിനാൻസ് | 1, 2 |
| 6 | അമല ഫൈനാൻസിയേഴ്സ് | 1, 2 |
| 7 | ജനറൽ ഫിനാൻസ് | 1, 2 |
| 8 | ആഞ്ഞിലിമൂട്ടിൽ ഫിനാൻസിയെർസ് | 1, 2 |
| 9 | ഇൻഡൽ മണി പ്രൈവറ്റ് ലിമിറ്റഡ് | 1, 2 |
| 10 | എൻ സി എസ് ഫിനാൻസ് | 1, 2 |
| 11 | മുണ്ടക്കയം അഗ്രികൾച്ചറൽ ഇമ്പ്രൂവ്മെൻറ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1, 2 |
| 12 | ഇഞ്ചിയാനി ക്ഷീരോൽപാദക സഹകരണ സംഘം | 1, 2 |

| | | |
|---|---|---|
| 13 | പുലിക്കുന്ന് ക്ഷീരോൽപാദക സഹകരണ സംഘം | 1, 2 |
| 14 | മുണ്ടക്കയം ക്ഷീരോൽപാദക സഹകരണ സംഘം | 1, 2 |
| 15 | എമ്മാനുവൽ ഫിനാൻസ് | 1, 2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി (നം.29/31.10.2022) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. സ്ഥാപന തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-23 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

2021-22 സാമ്പത്തിക വർഷം മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം /ഉടമ | അർദ്ധവർഷം |
|---|---|---|
| 1 | കേളചന്ദ്ര ടൂറിസ്റ്റ് ഹോം<br>എ.ഐ കുര്യാക്കോസ് | 1,2 |
| 2 | നഴ്സിംഗ് കൺസൽട്ടൻസി<br>സുമ മുത്തയ്യ | 1,2 |
| 3 | റബർ ഉത്പാദക സംഘം , ഇഞ്ചിയാനി | 1,2 |
| 4 | പുളിക്കൽ ടൈമേഴ്സ് സൊ മിൽ, ചിറ്റടി | 1,2 |
| 5 | ജ്യോതി ജ്വവലേഴ്സ് | 1,2 |
| 6 | സോണി ട്രേഡേഴ്സ് | 1,2 |
| 7 | KES ആൻഡ് കമ്പനി പെട്രോൾ പമ്പ്<br>ടോം സ്കറിയ | 1,2 |
| 8 | ജൻ സേവാ കമ്പ്യൂട്ടർ സെന്റർ<br>പ്രവിത രാജൻ | 1,2 |
| 9 | രാജൻ ജ്വവലറി, ടി സി രാജൻ | 1,2 |
| 10 | ആൻവി ഫുഡ് പ്രോഡക്ട്സ്<br>പ്രീത പ്രസാദ് | 1,2 |
| 11 | പുരയ്ക്കൽ ഹോണ്ട<br>ജോർജ് ജേക്കബ് | 1,2 |
| 12 | നന്ദിലത്ത് ജി മാർട് | 1,2 |
| 13 | ആൽഫാ മെറ്റൽസ്<br>മുഹമ്മദ് റഫീഖ് | 1,2 |
| 14 | സായി ബ്യൂട്ടിപാർലർ ആൻഡ് സ്റ്റിച്ചിംഗ് സെന്റർ ബിന്ദു ബാബു | 1,2 |
| 15 | KUBBER മാർക്കറ്റിങ് | 1,2 |
| 16 | KTDC റെസ്റ്റോറന്റ് ആൻഡ് ബിയർ പാർലർ | 1,2 |
| 17 | PKN ടിംബേർസ്<br>പി കെ നാസർ | 1,2 |

| | | |
|---|---|---|
| 18 | സംസ്കൃതി ആയുർവേദ ക്ലിനിക്<br>ഡോ.അർച്ചന | 1,2 |
| 19 | മഡോണ ഫിനാൻസ്<br>അനൂപ് അർജ്ജുൻ | 1,2 |
| 20 | ഡെൽഹിവെറി പ്രൈ. ലിമിറ്റഡ്<br>വിഷ്ണു രാമചന്ദ്രൻ | 1,2 |
| 21 | ഹോട്ടൽ റിവർ വ്യൂ | 1,2 |
| 22 | BSM കോളേജ് | 1,2 |
| 23 | വിന്നേഴ്സ് അക്കാദമി | 1,2 |
| 24 | മുത്തൂറ്റ് ഫിനാൻസ് | 1,2 |
| 25 | ബജാജ് ഫിൻസെർവ് | 1,2 |
| 26 | ഹോട്ടൽ അർമാണി<br>സ്റ്റീഫൻ ജോസഫ് | 1,2 |
| 27 | പൊട്ടംകുളം ടൂറിസ്റ്റ് ഹോം<br>ജോർജ് സക്കറിയ | 1,2 |
| 28 | സെൻ്റ്. ജോസ് ഹോളോ ബ്രിക്ക്സ്<br>കെ ജെ ടിറ്റാസ് | 1,2 |
| 29 | MOD കൊളോണിയൽ ഹെറിറ്റേജ് ഹോം സ്റ്റേ, സെബാസ്റ്റ്യൻ ജേക്കബ് | 1,2 |
| 30 | ശ്രീ സിദ്ധി വിനായക് ട്രേഡിങ് കമ്പനി<br>രാധാകൃഷ്ണൻ എൻ പൂജാരി | 1,2 |
| 31 | സെൻ്റ് മേരീസ് ട്രേഡിങ് കമ്പനി<br>അരുൺ ഈപ്പൻ | 1,2 |
| 32 | ആധാർ സേവന കേന്ദ്രം<br>നിമിൽ വർഗീസ് | 1,2 |
| 33 | ഇഞ്ചിയാനി ക്ഷീരോൽപാദക<br>സഹകരണ സംഘം | 1,2 |
| 34 | പുലിക്കുന്ന് ക്ഷീരോൽപാദക സഹകരണ സംഘം | 1,2 |
| 35 | മുണ്ടക്കയം ക്ഷീരോൽപാദക സഹകരണ സംഘം | 1,2 |
| 36 | ആർ ഡി സിനിമാസ് | 1,2 |
| 37 | ഗ്യാലക്സി സിനിമാസ് | 1,2 |

വിശദീകരണമാവശ്യപ്പെട്ട് എൻക്വയറി (നം.35/01.11.2022) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ റൂൾ 18 പ്രകാരം തൊഴിലുടമയ്ക്ക് ഡിമാൻഡ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24 എഫ്.ടി.ഇ ആൻഡ് ഓ.എസ് ലൈസെൻസ് - സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204, 1996 ലെ കേരളം പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പല ഘട്ടങ്ങളായോ 60 ദിവസമെങ്കിലും ജോലി/തൊഴിൽ ചെയ്തിട്ടുള്ള ഓരോ വ്യക്തിയും തൊഴിൽ നികുതി

അടയ്ക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ മുണ്ടക്കയം ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം ലൈസൻസിനുള്ള അപേക്ഷയിൽ സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കുവാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല .

| ക്രമ നം. | സ്ഥാപനം/ ഉടമ | കെട്ടിട നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ദിലീപ് ബേക്കേഴ്സ്<br>ദിലീപ് കുമാർ വി | 3/569 | 15 |
| 2 | കോനാട്ട് ഹൈപ്പർ മാർക്കറ്റ്<br>ഗിരീഷ് കെ നടേഷ് | 19/432 F | 10 |
| 3 | എസ്.കെ ബ്രിക്സ്<br>പി.ഡി ജോൺ | 15/510 | 4 |
| 4 | ശക്തി ഹോളോബ്രിക്സ്<br>ജോസ് പി ജോൺ | 15/509 | 3 |
| 5 | അശ്വതി ബേക്കേഴ്സ്<br>ജഗദമ്മ എം.കെ | 3/568 | 10 |
| 6 | Stienke ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്<br>ജോമോൻ ജോർജ് | 19/432 | 3 |
| 7 | എസ്.എം ഫ്രൂട്സ്<br>അബ്ദുൽ മജീദ് | 5/36 | 3 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 09/15.10.2022) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ റൂൾ 18 പ്രകാരം തൊഴിലുടമയ്ക്ക് ഡിമാൻഡ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-25 എന്റർടെയിൻമെന്റ് ടാക്സ് പിരിവ് കാര്യക്ഷമമല്ല

മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ ആർ.ഡി സിനിമാസ് (3 സ്ക്രീൻ), ഗാലക്സി തീയറ്റർ എന്നീ 2 തീയറ്ററുകളാണ് നിലവിൽ പ്രവർത്തിക്കുന്നത്. വാർഷിക ധനകാര്യ പത്രിക പരിശോധിച്ചത് പ്രകാരം 2021-22 വർഷത്തെ എന്റർടെയിൻമെന്റ് ടാക്സ് വരവ് (R.P-1) 1,54,969/-രൂപയാണ്. ഇത് സംബന്ധിച്ച് എൻക്വയറി (നം.14/29.10.2022) നൽകിയതിനെ തുടർന്നാണ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയത്. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കൂടുതൽ വിശദീകരണങ്ങൾ ലഭ്യമാക്കുകയുണ്ടായില്ല. ലഭ്യമാക്കിയ രേഖകൾ പ്രകാരം ആർ.ഡി സിനിമാസ് മാത്രമാണ് എന്റർടെയിൻമെന്റ് ടാക്സ് അടവാക്കിയിട്ടുള്ളത്. അത് തന്നെ രണ്ട് മാസത്തെ മാത്രമാണ് അടച്ചിരിക്കുന്നത്. ഗ്യാലക്സി തീയറ്റർ 2020-21 ൽ എന്റർടെയിൻമെന്റ് ടാക്സായി തുകയൊന്നും അടച്ചിട്ടില്ല. 2022 മാർച്ച് മാസം ആർ.ഡി തീയറ്ററിന്റെ മാത്രം ഒരു ദിവസത്തെ എന്റർടെയിൻമെന്റ് ടാക്സ് കളക്ഷൻ തുക പരിശോധിച്ചപ്പോൾ 11,248/- രൂപയോളം വരുന്നതായി കണ്ടു. എന്നാൽ 2021-22 സാമ്പത്തിക വർഷം പഞ്ചായത്തിലെ ആകെ ടാക്സ് വരവ് 1,54,969/- രൂപ മാത്രമായതിന് കാരണം

വ്യക്തമല്ല. സ.ഉ.(സാധാ.)നം.669/2021/ഡി.എം.ഡി, തീയതി: 02.10.2021 പ്രകാരം 2021 ഒക്ടോബർ 25 മുതൽ പകുതി സീറ്റിങ് കപ്പാസിറ്റിയിൽ തീയറ്ററുകൾ തുറന്ന് പ്രവർത്തിക്കുവാൻ അനുമതി ലഭിച്ചിട്ടുള്ളതാണ്. അതിന് ശേഷം 5 മാസത്തോളം തീയറ്ററുകൾ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും വളരെ കുറഞ്ഞ തുക മാത്രമാണ് എന്റർടെയിൻമെന്റ് ടാക്സ് ഇനത്തിൽ പഞ്ചായത്തിന് വരവായി ലഭിച്ചിട്ടുള്ളത് .

എന്റർറ്റെയിൻമെന്റ് ടാക്സ് കൃത്യമായി പിരിച്ചെടുക്കാതിരുന്നതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ടാക്സ് പിരിവ് കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ ഭരണസമിതി തലത്തിൽ സ്വീകരിക്കേണ്ടതാണ്.

### 1-26 ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക-പൊതു അപാകതകൾ

പഞ്ചായത്തിന്റെ 2021-22 വർഷത്തെ 4 ഷോപ്പിങ്ങ് കോംപ്ലെക്സിലെ കടമുറികളും വിവിധ സ്റ്റാളുകളുമാണ് വാടകയ്ക്ക് കുത്തകക്കാർക്ക് നൽകിയിരുന്നത്. ലഭ്യമാക്കിയ വാടക ഡിമാന്റ് രജിസ്റ്റർ, ഫയലുകൾ പരിശോധനയിൽ വാടക നടപടിക്രമങ്ങളിൽ അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു.

1. വാടക ബൈലോ കരട് മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് വകുപ്പിന്റെ അംഗീകൃത ബൈലോ നിലവിലില്ല.
2. വാടക കുടിശിക വരുത്തിയ കുത്തകക്കാർ പഞ്ചായത്ത് സെക്രട്ടറിയുമായി കരാർ ചമയ്ക്കാതെയാണ് 2021-22 വർഷം കടമുറികൾ കൈവശം വച്ചത്. വാടക കരാർ ചമയ്ക്കാതെ കുത്തകക്കാർ തുടരുന്നതും കുടിശിക വരുത്തുന്നതും പഞ്ചായത്തിന് വരുമാന നഷ്ടത്തിന് ഇടയാക്കും.
3. കരാർ ചമച്ച കുത്തകക്കാരുടെ കരാർ വിവരങ്ങൾ മുഴുവൻ രേഖപ്പെടുത്താതെ അപൂർണ്ണമായിട്ടാണ് സൂക്ഷിച്ചിരിക്കുന്നത്. അപൂർണ്ണമായ കരാർ സൂക്ഷിക്കുന്നത് അടിസ്ഥാന രേഖകളുടെ സൂക്ഷിപ്പിലെ അപാകതയാണ്.
4. 2021-22 വർഷത്തെ വാടക ഡിമാന്റ് വാർഷിക കണക്കിലെ ഡിമാന്റ് തുകയുമായി പൊരുത്തപ്പെടുന്നില്ല. സാമ്പത്തിക വർഷത്തെ ആരംഭത്തിൽ ഡിമാന്റ് തുക അക്കൗണ്ട് ചെയ്യുന്നില്ല. സാമ്പത്തിക വർഷാവസാനമാണ് ഡിമാന്റ് ജേർണൽ വൗച്ചർ അക്കൗണ്ട് ചെയ്യുന്നത്.
5. കോവിഡ്-19 സാഹചര്യത്തിൽ അടഞ്ഞുകിടന്നിരുന്ന കടകൾക്ക് സർക്കാർ നിർദ്ദേശം പ്രകാരം വാടക ഇളവ് പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം നൽകിയത് ധനകാര്യ പത്രിക പ്രകാരം അക്കൗണ്ട് ചെയ്തിട്ടില്ല.
6. ഡിമാന്റ് രജിസ്റ്ററിലെ ഓരോ കുത്തകക്കാരുടെയും വാടക ഡിമാന്റ് -കളക്ഷൻ-ബാലൻസ് വിവരങ്ങളും വാടക ഒഴിവ് വിവരങ്ങളും ഉൾപ്പെടുത്തി സാമ്പത്തിക വർഷത്തെ കണക്കുകൾ ക്ലോസ് ചെയ്ത് സൂക്ഷിക്കുന്നില്ല.
7. വാടക നിക്ഷേപത്തിന്റെ കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ധനകാര്യ പത്രിക പ്രകാരം രണ്ട് ശീർഷകങ്ങളിൽ വാടക നിക്ഷേപം അക്കൗണ്ട് ചെയ്തിരിക്കുന്നു. എല്ലാ കുത്തകക്കാരിൽ നിന്നും വാടക നിക്ഷേപം ഈടാക്കിയോ എന്ന് വ്യക്തമല്ല.

വാടക നടപടികളിലെ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.17/2021-22/29.10.2022) നൽകിയിരുന്നു. ബൈലോ പഞ്ചായത്ത് വകുപ്പിന്റെ അംഗീകാരത്തിനായി അയച്ചതായും മറ്റ് അപാകതകൾ പരിഹരിച്ച് വിശദാംശം അറിയിക്കുന്നതാണ് എന്നും മറുപടി നൽകി. വാടക സംബന്ധിച്ച നടപടിക്രമങ്ങൾ എല്ലാം പൂർത്തിയാക്കി അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

### 1-27 37.73 ലക്ഷം രൂപ വാടക കുടിശിക നിലനിൽക്കുന്നു-വാടക നിക്ഷേപം(Rent Deposit) മുതൽക്കൂട്ടിയില്ല

ഗ്രാമപഞ്ചായത്തിന്റെ 31/03/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 4331400102-Rent Receivable From Buildings(Arrears) ശീർഷകത്തിൽ 2,332,026/- രൂപയും 4331400102-Rent Receivable

From Buildings (Arrears) ശീർഷകത്തിൽ 1,440,857/-രൂപയും ഉൾപ്പടെ 3,772,883/- രൂപ വാടകത്തുക കുത്തകക്കാർ ഒടുക്കാനുള്ളതായി കാണുന്നു.

31/03/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം വാടക നിക്ഷേപമായി (Rent Deposit) 40.2 ലക്ഷം രൂപ അവശേഷിക്കുന്നുണ്ട്. 2021-22 ഡെപോസിറ്റ് രജിസ്റ്റർ പ്രകാരം Auction Deposit ശീർഷകത്തിൽ അവശേഷിക്കുന്ന തുകയിൽ 7.25 ലക്ഷം രൂപ വാടക നിക്ഷേപമാണ് എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആകെ 47.45 ലക്ഷം രൂപ വാടക നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നതായാണ് കാണുന്നത്. എന്നാൽ ഏതെല്ലാം കുത്തകക്കാരാണ് നിക്ഷേപം ഒടുക്കിയത് എന്നത് സംബന്ധിച്ച കൃത്യമായ കണക്ക് 2021-22 വാടക ഡിമാന്റ് രജിസ്റ്ററിലും കുടിശിക ഡിമാൻറ് രജിസ്റ്ററിലും ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ കുടിശിക വരുത്തിയ കുത്തകക്കാരുടെ വാടക നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നുണ്ടോ എന്നതിന് വ്യക്തതയില്ല.

വാടക നിക്ഷേപത്തിന്റെ (Rent Depost) കണക്കുകൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കാതിരുന്നതിനാൽ എല്ലാ കുത്തകക്കാരും നിക്ഷേപം ഒടുക്കിയിട്ടുണ്ടോ എന്നതിൽ വ്യക്തതയില്ല. കൃത്യമായ കണക്കുകളുടെയും രജിസ്റ്ററുകളുടെയും അഭാവത്തിൽ കുടിശിക വരുത്തിയ കുത്തകക്കാരുടെ നിക്ഷേപം വാടകയിനത്തിൽ വരവുചേർത്ത് കുത്തകക്കാരെ ഒഴിപ്പിക്കാനും പഞ്ചായത്തിന് സാധിച്ചിട്ടില്ല. വാടക സംബന്ധിച്ച ബൈലോയും നിലവിലില്ല. പഞ്ചായത്തിലെ എല്ലാ ഷോപ്പിങ്ങ് കോംപ്ലെക്സിന്റെയും വിവരങ്ങൾ ചേർത്ത് ഡിമാന്റ് രജിസ്റ്ററിലെ ഇൻഡെക്സ് തയ്യാറാക്കിയിട്ടില്ല.

വാടക നടപടികളിലെ മേൽവിവരിച്ച അപാകതകൾ മൂലവും വാടകയ്ക്ക് ആനുപാതികമായി വാടക നിക്ഷേപം കുത്തകക്കാരിൽ നിന്നും വാങ്ങി പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കാതിരുന്നതും മൂലമാണ് 31/03/2022 ൽ പഞ്ചായത്തിന് 37.73 രൂപ വാടക കുടിശികയിനത്തിൽ നിലനിൽക്കുന്നത്. പഞ്ചായത്തിന് ഭീമമായ സാമ്പത്തിക നഷ്ടം വരുത്തിവയ്ക്കുന്ന വാടക നടപടികളിലെ മേൽവിവരിച്ച അപാകതയ്ക്ക് രേഖാമൂലം വിശദീകരണം അനുബന്ധരേഖകളുടെ പകർപ്പ് ഉൾപ്പടെ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.6/2021-22/27.10.2022) നൽകിയിരുന്നു. വാടക ഡിമാൻറ് എൻട്രിയിലെ അപാകത മൂലമാണ് കുടിശിക ഡിമാന്റിൽ ഭീമമായ തുക നിലനിൽക്കുന്നത് എന്നാണ് മറുപടിയിൽ അറിയിച്ചത്. വാടക നിക്ഷേപം എല്ലാ മുറികൾക്കും വാങ്ങിയിട്ടില്ല എന്നും അറിയിച്ചു.

എല്ലാ കുത്തകക്കാരിൽ നിന്നും വാടക നിക്ഷേപം ഈടാക്കി വാടക നിക്ഷേപത്തിന്റെ കൃത്യമായ കണക്കുകൾ തയ്യാറാക്കി ഹാജരാക്കേണ്ടതാണ്. കുടിശിക വാടക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയും അടവാക്കുകയും ചെയ്ത് കുടിശിക ഡിമാൻറ് രജിസ്റ്റർ പൂർത്തിയാക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വിശദാംശം ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

1-28 14.42 ലക്ഷം രൂപ വാടക കുടിശികയുടെ വിശദാംശമില്ല-തനത് വരുമാനം നഷ്ടപ്പെടാൻ സാധ്യത

ഗ്രാമപഞ്ചായത്തിന്റെ 31/03/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 4331400102-Rent Receivable From Buildings(Arrears) ശീർഷകത്തിൽ 2,332,026/- രൂപ 2021-22 വർഷത്തിന് മുൻപുള്ള കാലയളവിലെ വാടകത്തുക കുത്തകക്കാർ ഒടുക്കാനുള്ളതായി കാണുന്നു. എന്നാൽ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയ കുടിശിക ഡി.സി.ബി. പത്രിക പ്രകാരം 890,157/- രൂപ മാത്രമാണ് കുടിശിക ഇനത്തിൽ ലഭിക്കാനുള്ളത്. 31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള കുടിശിക തുകയിൽ 1,441,869/- രൂപ ഏതെല്ലാം കുത്തകക്കാർ ഏത് കാലയളവിൽ ഒടുക്കാനുള്ളതാണ് എന്നത് സംബന്ധിച്ച വിവരങ്ങൾ കുടിശിക ഡിമാന്റ് രജിസ്റ്ററിലില്ല.

വാടക കുടിശിക ഒടുക്കാനുള്ളവരുടെ വിവരം ആധികാരികമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതും തുക കുടിശികയായി നിലനിൽക്കുന്നതും 15 ലക്ഷത്തോളം വരുന്ന ഭീമമായ തനത് വരുമാനത്തിന്റെ നഷ്ടത്തിന് ഇടയാക്കുന്നു. പഞ്ചായത്തിന്റെ തനത് വരുമാനമായി ലഭിക്കാനുള്ള തുകയുടെ വിശദാംശം സൂക്ഷിക്കാതിരുന്നതിനും കുടിശിക ഈടാക്കാതിരുന്നതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.5/2021-22/27.10.2022) നൽകിയിരുന്നു. 421002710/31.03.2022 നം.

ജേർണൽ വൗച്ചർ മുഖേന ഡിമാന്റ് എൻട്രി നടത്തിയതിലെ അപാകത മൂലമാണ് കുടിശിക എന്നും പഞ്ചായത്തിന്റെ കുടിശിക ഡി.സി.ബി. പ്രകാരമുള്ള കുടിശികയാണ് യഥാർത്ഥത്തിലുള്ളത് എന്നും മറുപടിയിൽ അറിയിച്ചു. വാടക കുടിശിക ഡിമാന്റ് ധനകാര്യ പത്രികയിലേത് കൃത്യമാക്കേണ്ടതാണ്. കൃത്യമായ കുടിശിക ഡിമാന്റ് പ്രകാരമുള്ള തുക ഈടാക്കി വിശദാംശം അറിയിക്കേണ്ടതാണ്.

## 1-29 ലേലത്തുകയിന്മേൽ ജി.എസ്.ടി ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അടവാക്കി

2021-22 വർഷം പഞ്ചായത്ത് വക പഴയ ഫർണിച്ചറുകളും മറ്റു പാഴ് വസ്തുക്കളും ലേലം ചെയ്തു നൽകിയതിൽ ലേല തുകയിൻമേലുള്ള ജി.എസ്.ടി പിരിച്ചെടുത്തിരുന്നില്ല. ശ്രീ. അഫാസ് അബ്ദുൽ കരീം എന്നയാൾ 19,300/- രൂപയ്ക്കാണ് മേൽ ഇനങ്ങൾ ലേലത്തിലെടുത്തിട്ടുള്ളത്. അസിസ്റ്റൻറ് എൻജിനീയറുടെ വാല്യവേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ചത് പ്രകാരം 18% ജി.എസ്.ടി (9% എസ്.ജി.എസ്.ടി + 9% സി.ജി.എസ്.ടി) ബാധകമായുള്ള മെറ്റാലിക് വെയ്സ്റ്റാണ് ലേല ഇനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി (നമ്പർ 4/27.10.2022) നൽകിയതിനെ തുടർന്ന് ജി.എസ് .ടി ആയ 3474/-രൂപ 1220300361/28.10.22 നമ്പർ രസീത് പ്രകാരം അടവാക്കിയിട്ടുണ്ട്.

## 1-30 ബസ് സ്റ്റാൻഡ് ഫീസ് പിരിവ് - അപാകതകൾ

മുണ്ടക്കയം പഞ്ചായത്ത് ബസ് സ്റ്റാൻഡിൽ കയറുന്ന പ്രൈവറ്റ് ബസുകളിൽ നിന്നും പഞ്ചായത്ത് നേരിട്ടാണ് ഫീസ് പിരിക്കുന്നത്. 11.05.2021 ലെ 2(1) തീരുമാന പ്രകാരം ബസ് ഫീസ് പിരിവ് 01.04.2021 മുതൽ ഷംസ് പുത്തൻചന്ത എന്നയാളിനെ ഏൽപ്പിക്കുകയും ടിയാൻ പഞ്ചായത്ത് ഇഷ്യൂ ചെയ്തിട്ടുള്ള രസീത് ബുക്കുകൾ ഉപയോഗിച്ച് പിരിവ് നടത്തി പഞ്ചായത്തിൽ ഒടുക്കുകയുമാണ് ചെയ്യുന്നത്. മതിയായ കരാറോ ധാരണാപത്രമോ ഇല്ലാതെ ഫീസ് കളക്ട് ചെയ്യുവാനായി വ്യക്തികളെ ചുമതലപ്പെടുത്തുന്നത് ആശാസ്യമല്ല. മാത്രമല്ല നിലവിൽ പിരിവിനായി നിയോഗിച്ചിട്ടുള്ള വ്യക്തിക്ക് വേതനം നൽകുന്നതായി ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ കാണുന്നില്ല. ഇത് സംബന്ധിച്ച് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബസ് ഫീസ് പ്രത്യേകമായി നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഏത് നിരക്ക് അടിസ്ഥാനമാക്കിയാണ് ഫീസ് ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതെന്ന് വ്യക്തമല്ല.
2. ബസ് ഫീസ് പിരിവ് പഞ്ചായത്ത് നേരിട്ട് നടത്തുന്ന സാഹചര്യത്തിൽ ആയതിന് വേണ്ടി ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.
3. കളക്ഷൻ രെജിസ്റ്റർ പരിശോധിച്ചപ്പോൾ രസീത് നമ്പറുകൾ ചേർക്കാതെ ബുക്ക് നമ്പറും കളക്ഷൻ തുകയും മാത്രമായി ചേർക്കുന്നു.
4. ഫീസ് പിരിവിനായി നിയോഗിച്ചിട്ടുള്ള വ്യക്തി വേതനമില്ലാതെ ജോലി ചെയ്യുന്ന സാഹചര്യം വ്യക്തമല്ല.

ഇതുമായി ബന്ധപ്പെട്ട നൽകിയ 11./29.10.22 നമ്പർ എൻക്വയറിക്ക് മറുപടിയായി 2021-22, 2022-23 വർഷങ്ങളിൽ ലേലം നടത്തിയെങ്കിലും ആരും ലേലത്തിൽ പങ്കെടുക്കാത്തിരുന്ന സാഹചര്യത്തിലാണ് ഫീസ് പിരിക്കുന്ന ചുമതല ബസ് സ്റ്റാൻഡിൽ അനൗൺസ്മെന്റ് നടത്തുന്ന ശ്രീ. ഷംസ് പുത്തൻചന്ത എന്നയാളെ പഞ്ചായത്ത് കമ്മിറ്റി ഏൽപ്പിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബസ് സ്റ്റാൻഡ് ഫീസ് പിരിവ് കൃത്യമായി നടത്തുന്നുണ്ടെന്നും പിരിച്ചെടുക്കുന്ന തുകകൾ കൃത്യമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി,പൊതു സുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യ കാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണി സ്ഥലങ്ങൾ മറ്റു സേവനങ്ങൾ എന്നിവയ്ക്കായി

സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്ക് അനുസൃതമായല്ലാതെ ഉപയോഗിക്കുവാൻ പാടുള്ളതല്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പരിഷ്കരിച്ച് (FTEOS) 2018 വർഷം മുതൽ നിലവിലുള്ളതാണ്. പുതുക്കിയ ചട്ടങ്ങൾ പ്രകാരം 500/- രൂപ മുതൽ 15,000/- രൂപ വരെ വിവിധ വാണിജ്യ വ്യവസായങ്ങൾക്ക് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ഉൽപാദന/സേവന മേഖല തിരിച്ച് പരമാവധി ഫീസ് ചുമത്താവുന്നതാണ്.

2021-22 വർഷത്തിൽ സഞ്ചയ പ്രകാരം പഞ്ചായത്തിൽ 2249 വാണിജ്യ കെട്ടിടങ്ങളാണുള്ളത്. അതിൽ തന്നെ ഡി ആൻഡ് ഓ ലൈസൻസ് രജിസ്റ്റർ പ്രകാരം 485 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. 2021-22 വർഷത്തിൽ കെട്ടിടങ്ങൾ ഉപയോഗിക്കാത്തതിനാൽ ഒഴിവായി കിടക്കുന്നതായി കാണിച്ച് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല എന്നാണ് ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നത്. ആയതിനാൽ കൂടുതൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുവാൻ സാധ്യത നിലനിൽക്കുന്നു. രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ 2021-22 വർഷം ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | വയലറ്റ് ബ്യൂട്ടി സലൂൺ |
| 2 | ദാന ട്രേഡേഴ്സ് |
| 3 | രാഗം സൂപ്പർ ഷോപ്പ് |
| 4 | Ontime വാച്ച് ഹൗസ് |
| 5 | കൊക്കൂൺ ബോട്ടിക് |
| 6 | ഹോട്ടൽ റിവർ വ്യൂ |
| 7 | ഹോട്ടൽ വഴിയോരം |
| 8 | ഉറുമ്പിൽ ഹോംസ്റ്റേ |
| 9 | ലാൽ ഡിജിറ്റൽ സ്റ്റുഡിയോ |
| 10 | മാധവ സൂപ്പർ ബസാർ |
| 11 | സിറ്റി സിൽക്സ് |
| 12 | ഷാജീസ് ബ്യൂട്ടി ക്ലിനിക് |
| 13 | മോഡൽ ഫുട് വെയേഴ്സ് |
| 14 | പുലിക്കുന്ന് ക്ഷീരോത്പാദക സഹ.സംഘം |
| 15 | സൗമ്യ സ്റ്റോഴ്സ് |
| 16 | അഗ്രോ വേൾഡ് അഗ്രോ മെഷീനറി |
| 17 | തോമസ് ഡെന്റൽ കെയർ |
| 18 | റിയൽ വാല്യൂ ടൂവീലർ ഗ്യാരേജ് |
| 19 | പുത്തൻപുരയ്ക്കൽ ഫിഷറീസ് |
| 20 | റോസ് ലബോറട്ടറി |
| 21 | നാഷണൽ കമ്പ്യൂട്ടർ ലാബ് |
| 22 | മുണ്ടക്കയം ക്ഷീരോത്പാദക സഹ.സംഘം |
| 23 | ഇഞ്ചിയാനി ക്ഷീരോത്പാദക സഹ.സംഘം |
| 24 | മാർവൽ ടൈൽസ് ആൻഡ് ഗ്രാനൈറ്റ്സ് |
| 25 | കാഞ്ഞിരപ്പള്ളി റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് |
| 26 | സത്യം വെളിച്ചെണ്ണ മിൽ |

| | |
|---|---|
| 27 | മഹേഷ് ഹെയർ സ്റ്റൈൽ ആൻഡ് ബ്യൂട്ടിപാർലർ |
| 28 | ഡിജിറ്റൽ സേവ മുണ്ടക്കയം |
| 29 | ആമ്പൽ ബ്യൂട്ടി സ്പോട്ട് |
| 30 | മാർക്കോപോളോ മെൻസ് വിയർ |
| 31 | അക്ബർ ട്രാവൽസ് |
| 32 | കളരിക്കൽ സ്റ്റോർസ് |
| 33 | എവർഗ്രീൻ പെയിൻറ് |
| 34 | ബെസ്റ്റ് ഇലക്ട്രിക്കൽസ് |
| 35 | ഐഡ ഇലക്ട്രോണിക്സ് |

മേൽ പട്ടികയിലെ സ്ഥാപനങ്ങൾ 2021-22 വർഷം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻകയറിക്ക് (നം. 25/31.10.2022) മറുപടി നൽകിയില്ല. സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ് . പഞ്ചായത്തിൽ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് 2022-23 വർഷം മുതൽക്കാണ്. ട്രേഡർ ലിസ്റ്റ് പ്രകാരം ലൈസൻസിന്റെ ഡിമാന്റ് ക്രമീകരിക്കേണ്ടതും വസ്തുനികുതി ഡേറ്റാബേസ് പ്രകാരം വാണിജ്യാവശ്യത്തിനുള്ള എല്ലാ കെട്ടിടങ്ങളും ലൈസൻസ് ഡിമാന്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നത് ഉറപ്പാക്കേണ്ടതുമാണ്.

1-32 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1996ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ മുതലായവയുടെ നടത്തിപ്പിന് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസും 1997ലെ കേരള പഞ്ചായത്ത് രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പ്രസ്തുത സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രെജിസ്ട്രേഷൻ ഡീറ്റയിൽസ് രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഡി ആൻഡ് ഓ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്. ലഭ്യമായ രേഖകൾ പരിശോധിച്ചത് പ്രകാരം പട്ടികയിൽ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | ഉടമ |
|---|---|---|
| 1 | സിവിഎം മൾട്ടി-സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് | ഡോ. ഷെറി എം ജോസഫ് |
| 2 | ജെ ജെ ഡെന്റൽ ക്ലിനിക് | ഡോ. റോസ് കെ എ |
| 3 | എ.ജി.എം ലാബ് | - |
| 4 | ലൈഫ് കെയർ ലാബ് | - |
| 5 | ടോട്ടൽ ഡയഗ്നോസ്റ്റിക്സ് | - |
| 6 | എച്ച്.ആർ.ഡി ലാബ് | - |

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 27/31.10.2022) നൽകിയതിനെ തുടർന്ന് പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കി. പാരാമെഡിക്കൽ രജിസ്ട്രേഷൻ

ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ വരും വർഷങ്ങളിൽ രജിസ്ട്രേഷനോട് കൂടി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-33 ടിപ്പർ ലോറി-ലേലനടപടികൾ പൂർത്തീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ വെട്ടുകല്ലാംകുഴി മാലിന്യ ഡംപിംഗ് യാർഡ് 2018 ലെ പ്രളയസമയത്ത് ഉരുൾപൊട്ടി നശിക്കുകയും പിന്നീട് ടി സ്ഥലത്ത് പ്രദേശവാസികൾ മാലിന്യനിക്ഷേപം അനുവദിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ മാലിന്യനീക്കത്തിനായുപയോഗിച്ചിരുന്ന ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 2009 മോഡൽ KL-34-9135 നം. ടിപ്പർ ലോറി മാസങ്ങളായി ഉപയോഗമില്ലാതെ കിടക്കുന്നതുമൂലം തുരുമ്പെടുത്ത് നശിക്കുന്ന സാഹചര്യം നിലനില്ക്കുന്നതിനാൽ ലോറി ലേലം ചെയ്ത് വില്ക്കുന്നതിന് സർക്കാർ അനുമതി തേടുന്നതിന് 03-05-2019 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 9/1 നമ്പരായി തീരുമാനമെടുക്കുകയുണ്ടായി. അതിൻപ്രകാരം സർക്കാർ നിർദ്ദേശമനുസരിച്ച് വാഹനം പി.ഡബ്ല്യു.ഡി മെക്കാനിക്കൽ എക്സി.എൻജിനീയർ പരിശോധിച്ച് അൺ ഇക്കണോമിക്കൽ ആണെന്ന് അറിയിക്കുകയും വാഹനത്തിന് 17-01-2022ൽ അൺ ഇക്കണോമിക് സർട്ടിഫിക്കറ്റ് നല്കുകയും ചെയ്തിട്ടുണ്ട്. അസി.എക്സി.എൻജിനീയർ, മെക്കാനിക്കൽ സെക്ഷൻ 18-02-2022 ൽ നല്കിയ സർവ്വെ റിപ്പോർട്ട് പ്രകാരം വാഹനത്തിന് 275000/യാണ് മൂല്യം നിശ്ചയിച്ചിട്ടുള്ളത്. പഞ്ചായത്ത് ഡയറക്ടറുടെ 20-06-2022ലെ PAN/5998/2022-G1(DP) ഉത്തരവ് പ്രകാരം നിയമാനുസൃത നടപടി സ്വീകരിച്ച് 275000/രൂപയിൽ കുറയാത്ത തുകയ്ക്ക് ലോറി ലേലം ചെയ്യാൻ അനുമതി നല്കിയിട്ടുണ്ട്.

എന്നാൽ ലേലം ഇനിയും നടന്നിട്ടില്ല. ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.19)20-07-2022,09-08-2022,13-09-2022 തീയതികളിലായി 3 തവണ ലേലം ഇട്ടെങ്കിലും ലേലം നടക്കാത്തതിനാൽ വാഹനത്തിന്റെ മൂല്യം പുനർനിർണ്ണയിച്ച ശേഷം ലേലനടപടികൾ പൂർത്തീകരിക്കുന്നതാണെന്ന് മറുപടി നല്കി.
കാലപ്പഴക്കത്തിൽ മൂല്യശോഷണം കൂടുമെന്നതിനാൽ ലേലനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-34 ആംബുലൻസ് - ഉപയോഗിക്കുന്നില്ല.

ജില്ലാപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽപ്പെടുത്തി ഗ്രാമപഞ്ചായത്തിന് 23-05-2022 ൽ ലഭ്യമാക്കിയ KL 34 H 2400 രജിസ്ട്രേഷൻ നമ്പരിലുള്ള ആംബുലൻസ് 22-07-2022 ൽ ആദ്യനിർബന്ധിത സർവ്വീസ് നടത്തി 2299 കിലോമീറ്ററിൽ ഓട്ടം അവസാനിപ്പിച്ച നിലയിൽ പഞ്ചായത്ത് കോമ്പൗണ്ടിൽ നിഷ്ക്രിയാവസ്ഥയിൽ സൂക്ഷിച്ചിരിക്കുന്നു.പഞ്ചായത്തിന് ലഭ്യമായശേഷം ആകെ ഓടിയ ദൂരം 398 കിലോമീറ്ററാണ്. പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി വാടകയ്ക്ക് വാഹനം എടുക്കുന്ന സാഹചര്യത്തിൽ പഞ്ചായത്തിന് സ്വന്തമായി ലഭ്യമായ ആംബുലൻസ് മതിയായ നിയമാവലികളുണ്ടാക്കിയും നടപടിക്രമങ്ങൾ പാലിച്ചും പ്രയോജനപ്പെടുത്തുന്നില്ല . നിഷ്ക്രിയാവസ്ഥയിൽ വാഹനം സൂക്ഷിക്കുന്നതുമൂലം യന്ത്രഭാഗങ്ങൾക്ക് തകരാറുകൾ സംഭവിക്കാനും സാദ്ധ്യതയുണ്ട്. വിലയേറിയ ആസ്തി ഇപ്രകാരം പ്രയോജനരഹിതമായി നിലനിർത്തുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.10/28-10-22) മറുപടിയിൽ ഡ്രൈവറെ നിയമിച്ച് വാഹനം മെഡിക്കൽ ഓഫീസർക്ക് കൈമാറുന്നതാണെന്ന് അറിയിച്ചു.
നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-35 മുണ്ടക്കയം ടൗണിലെയും പരിസരങ്ങളിലെയും മാലിന്യ നിർമാർജ്ജനം -ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം.108/22

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ

തനത് ഫണ്ട് -200,000

ചെലവഴിച്ച തുക -74790 (ചെലവ് പത്രിക പ്രകാരം)

മുണ്ടക്കയം ടൗണിലെയും പരിസരങ്ങളിലെയും മാലിന്യനിർമ്മാർജ്ജനത്തിനായി ജെ.സി.ബി. പ്രവർത്തിപ്പിച്ച് മാലിന്യം നീക്കം ചെയ്യുന്നതിനും, വീൽബാരോ വാങ്ങുന്നതിനുമായി തനത്ഫണ്ടിൽ നിന്നും 54380/-രൂപ ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ചെലവ് പത്രിക പ്രകാരം പ്രസ്തുത പ്രോജക്ടിന്റെ ചെലവ് 74790/-രൂപയാണ്. എന്നാൽ 20410/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തപക്ഷം ടി ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നതായിരിക്കും എന്നറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/1.11.22)മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ 20410/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 പെറ്റിവർക്കുകൾക്ക് തുക നൽകിയതിലെ അപാകതകൾ

2021-22 വർഷം വിവിധ പെറ്റിവർക്കുകൾ എസ്റ്റിമേറ്റ് തയ്യാറാക്കി നടത്തുന്നതിനായി എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ്, മസ്റ്റർറോൾ എന്നിവ വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടില്ല. പെറ്റിവർക്കുകളുടെ വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | വൗച്ചർ നം./തീയതി ,തുക | ചെക്ക് നം./തീയതി | കമ്മിറ്റി തീരുമാനം |
|---|---|---|---|
| ഉള്ളാട്ട് കോളനി സൈഡ്ഭിത്തി നിർമ്മാണം | 22100653/28.10.21 ,9842 | 3269618/27.10.21 | 19.04.21/4(7) |
| 31-ാം മൈൽ വെയിറ്റിംഗ് ഷെഡ് അറ്റകുറ്റപ്പണി | 22100714/16.11.21 ,8737 | 3399542/6.11.21 | 19.04.21/4(7) |
| അസമ്പനി ജംഗ്ഷൻ നവീകരണം വാർഡ് 9 | 22101066/2.2.22,9894 | 3399550/29.1.22 | ലഭ്യമല്ല |
| ആകെ | 28473 | | |

മേൽ പരാമർശിച്ച പെറ്റിവർക്കുകളുടെ എസ്റ്റിമേറ്റ്, വാല്യുവേഷൻ, മസ്റ്റർ റോൾ എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/29.10.22 ) മറുപടി ഹാജരാക്കിയില്ല. 28473 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-37 മഴക്കാല പൂർവ്വശുചീകരണം - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

വൗച്ചർ നം.22100108/28.5.21 തുക -105000/രൂപ

വൗച്ചർ നം22100109/28.5.21 തുക 210,000/രൂപ

ചെക്ക് നം.785939/28.5.21

2021-22 വർഷം മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിന്റെ തനത് ഫണ്ടും, ശുചിത്വമിഷൻ ഫണ്ടും അനുവദിക്കണമെന്ന മെഡിക്കൽ ഓഫീസറുടെ കത്തിന്റെയടിസ്ഥാനത്തിൽ 21 വാർഡുകൾക്കുമായി 15000/-രൂപ വീതം ആരോഗ്യപ്രവർത്തകരുടെ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്.

ഇപ്രകാരം ആരോഗ്യപ്രവർത്തകരുടെ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ച 315000/-രൂപയുടെ വിനിയോഗവിവരം, ബാങ്ക്പാസ്ബുക്ക്, കാഷ് ബുക്ക്, വൗച്ചറുകൾ ഉൾപ്പടെ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/29.10.2022) മറുപടി ഹാജരാക്കിയില്ല. 315000/-രൂപയുടെ ചെലവ് വിശദാംശങ്ങൾ ലഭ്യമാകുന്നതുവരെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-38 ഗുണഭോക്തൃ ലിസ്റ്റിലില്ലാത്ത വ്യക്തിക്ക് ജലസേചന പമ്പ് സെറ്റ് അനുവദിച്ചു.

കൃഷി ഓഫീസർ നിർവഹണം നടത്തിയ ജലസേചന പമ്പ് സെറ്റ് വിതരണം (പ്രോ.നം.7) എന്ന പ്രോജക്ട് മുഖാന്തിരം സുധാമണി, വർങ്ങുങ്കൽ, ഇഞ്ചിയാനി എന്ന വ്യക്തിക്ക് പമ്പ് സെറ്റിന്റെ വിലയുടെ 50% സബ്സിഡിയായി വികസനഫണ്ട് 4687/-രൂപ അക്കൗണ്ട് ട്രാൻസ്ഫറായി നല്കി (ട്രഷറിബിൽ നം.7/22-02-2022,തുക -89812). കൃഷി ഓഫീസർ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം ടി യാൾ 17 ാം വാർഡിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിച്ചത്. എന്നാൽ ഗുണഭോക്തൃലിസ്റ്റിൽ ഒരു വാർഡിലും പമ്പ് സെറ്റ് വിതരണത്തിന് ടി യാളുടെ പേര് ഉൾപ്പെടുത്തിയതായി കാണുന്നില്ല.

ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്ത വ്യക്തിക്ക് ധനസഹായം നല്കിയത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.30/31-10-2022) മറുപടിയിൽ കൂടുതൽ ഗുണഭോക്താക്കൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ യഥാർഥ കർഷകയായ ടിയാൾ പമ്പ് സെറ്റ് അനുവദിക്കുന്നതിന് അർഹതയുള്ള ആൾ ആയതിനാൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുന്നതാണ് എന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചതിനാലാണ് സബ്സിഡി അനുവദിച്ചത് എന്ന് വ്യക്തമാക്കി.ഗ്രാമസഭയുടെ അംഗീകാരത്തോടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുന്നതുവരെ 4687/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-39 തെരുവുവിളക്ക് വാങ്ങൽ - അപാകതകൾ

2021-22 വർഷം തെരുവുവിളക്ക് വാങ്ങലിനായി രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം | പ്രോജക്ട് നം./പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക | ബിൽനം./തീയതി വൗച്ചർ നം./തീയതി |
|---|---|---|---|---|
| 1 | 352/22,ശബരിമല പാതകളിൽ തെരുവുവിളക്ക് വാങ്ങൽ | 200,000 (തനത് ഫണ്ട്) | 199850 | 22101461/31.3.22,11830 /31.3.22(ചെക്ക് നം.) |
| 2 | 184/22,തെരുവുവിളക്ക് വാങ്ങൽ | 75000/ (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 75000 | XVFC/2021-22 /P/30dt.31.3.22 |
| | | ആകെ | 274850 | |

മേൽ പരാമർശിച്ച രണ്ട് പ്രോജക്ടുകൾ പ്രകാരം 274850/-രൂപയുടെ തെരുവുവിളക്കുകളും അനുബന്ധ സാമഗ്രികളും വാങ്ങിയിട്ടുണ്ട്.ക്രമനം.1ൽ ഉൾപ്പെട്ട സാമഗ്രികൾ നിർമ്മൽ ലൈറ്റ്സ് ഉദ്യോഗമണ്ഡൽ എന്ന സ്ഥാപനത്തിൽ നിന്നും,ക്രമനം.2ൽ ഉൾപ്പെട്ട സാധനങ്ങൾ കണ്ടത്തിൽ ചിറയിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. വാങ്ങിയ സാധനങ്ങൾ പഞ്ചായത്തിന്റെ സ്റ്റോക്കിൽ ചേർത്ത് സ്ഥാപിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. തെരുവുവിളക്കുകൾ വാങ്ങുന്നതിന് മുൻപായി ആവശ്യകതാ നിർണയം നടത്തിയതായി കാണുന്നില്ല. തെരുവു വിളക്കുകൾ ഓരോ വാർഡിലും

ഏതെല്ലാം പോസ്റ്റുകളിൽ സ്ഥാപിച്ച എന്നത് സംബന്ധിച്ച് പഞ്ചായത്ത് അംഗങ്ങളുടെ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (37/1.11.22) മറുപടി ഹാജരാക്കിയില്ല. മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ പ്രോജക്ടുകൾ പ്രകാരമുള്ള ആകെ ചെലവ് 274850/തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം തീർപ്പാക്കേണ്ടതാണ്.

## 1-40 അനുപൂരകപോഷകാഹാര പദ്ധതി-ഫയൽ ലഭ്യമാക്കിയില്ല.

ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ അങ്കണവാടി അനുപൂരകപോഷകാഹാര പദ്ധതിയുടെ ചെലവിൽ ഉൾപ്പെട്ട ട്രഷറിബിൽ 01/08-07-21 പ്രകാരമുള്ള 883188/രൂപയുടെയും (വികസനഫണ്ട്), വൗച്ചർനം.22100286/12-07-2021 പ്രകാരമുള്ള 780530/രൂപയുടെയും ഉൾപ്പെടെ (കേന്ദ്രാവിഷ്കൃതഫണ്ട്) ആകെ 1663718/രൂപയുടെ (പ്രോ.നം.58)ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ഫയലുകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 28-10-2022 ൽ ഓഡിറ്റ് എൻക്വയറിയും (നം 09) ,29-10-2022 ൽ ഓഡിറ്റ് റിക്വിസിഷനും നല്കിയെങ്കിലും ഫയലുകൾ ലഭ്യമാക്കിയില്ല.ഫയലുകൾ ലഭിക്കാത്ത സാഹചര്യത്തിൽ ടി ഫയലുകൾ പ്രകാരമുള്ള ചെലവ് 1663718/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വൗച്ചറുകൾ അനുബന്ധ രജിസ്റ്ററുകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-41 പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം.

സമൂഹത്തിൽ അവശത അനുഭവിക്കുന്നവരെയും അഗതികളെയും സാമ്പത്തികമായി സഹായിക്കുന്നതിനും അവരെ കൂടുതൽ സുരക്ഷിതരാക്കുന്നതിനും വേണ്ടിയാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നത്. പെൻഷൻ അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനം എടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്.(പഞ്ചായത്ത് ഡയറക്ടറുടെ 28.9.2019 ലെ ഉത്തരവ് നം.PAN/2021/2019-DBT-1(DP) എന്നാൽ മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ 16.04.21 ൽ ലഭിച്ച വിധവ പെൻഷൻ അപേക്ഷകൾ 5.8.21ൽ മാത്രമാണ് അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയത്. 17.6.21 ന് ലഭിച്ച വികലാംഗ പെൻഷൻ അപേക്ഷകൾ 7.10.21 ൽ മാത്രമാണ് അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയത്.സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുന്നതിൽ തന്നെ ന്യായീകരിക്കാനാവാത്ത കാലതാമസം വരുത്തി. പെൻഷൻ അപേക്ഷകൾ ലഭിക്കുമ്പോൾ തന്നെ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തി അന്വേഷണ ഉദ്യോഗസ്ഥന് കൈമാറേണ്ടതും,അന്വേഷണ ഉദ്യോഗസ്ഥൻ സമയബന്ധിതമായി അന്വേഷണം നടത്തി വിവരം പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.ഈ വിഷയത്തിൽ ഭരണസമിതി അംഗങ്ങളുടെ പ്രത്യേക ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## 1-42 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- പൂർത്തിയായില്ല.

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

മുണ്ടക്കയം ബസ് സ്റ്റാന്റിലുള്ള പഞ്ചായത്ത് വക സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി ഏറ്റെടുത്ത പ്രോജക്ട് പ്രകാരം അഞ്ച് നിലകളിലായുള്ള കെട്ടിടം പണിയുന്നതിനായി നാളിതുവരെ ചുവടെ ചേർക്കും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | ചെലവ് | |
|---|---|---|---|
| 431/21 | 900000 -തനത് ഫണ്ട് | 7325053 | ചെക്ക് നം. 1735183/3.2.2021- 4372498 രൂപ<br>ചെക്ക് നം. |

| | | | |
|---|---|---|---|
| | | | 1735194/26.3.2021 – 2952555 രൂപ |
| 226/ 22 (SO) ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണം | 1674946 | 436258 | 4919457/21.33.22 |
| ആകെ | | 7761311 | |
| 243/22 ഷോപ്പിംഗ് കോംപ്ളക്സ് തുടർ നിർമ്മാണം | 4500000 -തനത് ഫണ്ട് | 4499625 | ചെക്ക് നം.3399550/29.1.22 |
| | ആകെ | 1,22,60,936 | |

ഏറ്റെടുത്ത മേൽ പ്രോജക്ടുകൾ പ്രകാരം അഞ്ച് നിലകളിലായുള്ള കെട്ടിടം പണിയുന്നതിനായുള്ള ഫൗണ്ടേഷൻ ചെയ്ത്, നാല് നിലകൾ വരെയുള്ള സ്ട്രക്ചർ പൂർത്തിയാക്കിയിട്ടുണ്ട്. നാല് നിലകളുടെ പ്ലാസ്റ്ററിംഗും ഗ്രൗണ്ട് ഫ്ലോറിന്റെ ഷട്ടർ ഇടുന്ന പ്രവൃത്തിയും ചെയ്തിട്ടുണ്ട്.ഷോപ്പിംഗ് കോംപ്ലക്സിന്റെ ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് 4000000 രൂപ വകയിരുത്തി 2022-23 ൽ പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ തൻവർഷത്തെ 49,35,883 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-43 ഇ-ടെൻഡർ ഫീസ്- എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമായില്ല.

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBI യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ നാളിതുവരെ പഞ്ചായത്തിൽ ആയതിനായി ഒരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

21-22 വർഷം ഇ ടെൻഡർ ഫീസിനത്തിൽ 25921 രൂപ രണ്ടു ക്വാർട്ടറിലായി ലഭിച്ചിട്ടുണ്ട്. ഇ ടെൻഡർ ഫീസിനായി ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കേണ്ടതും മുൻ വർഷങ്ങളിൽ ഇ-ടെൻഡർ ഫീസിനത്തിൽ ലഭിച്ച തുകകൾ ഉൾപ്പെടെയുള്ള തുക എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്ന് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-44 കാലി ബാരൽ വിലയും ജി എസ് ടി യും തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (238+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത് . ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് . എന്നാൽ സർക്കുലർ നം.59827/എഫ്എം/07/തസ്വഭവ/30.10.07 പ്രകാരം പ്രോജക്ടിനായി ചെലവഴിച്ച ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ബാരൽ വില പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. ബാരൽ വില പ്രോജക്ടിനായി ചെലവഴിച്ച ഫണ്ടുകളിലേയ്ക്കും, ജി എസ് റ്റി സർക്കാരിലേക്കും അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-45 സമ്പൂർണ്ണ സാക്ഷരതാപരിപാടി-രേഖകൾ ലഭ്യമല്ല

ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോ.നം 103/22, പ്രകാരം പരിപൂർണ്ണ സാക്ഷരതാപരിപാടി-തുടർസാക്ഷരതാ പ്രവർത്തനങ്ങളിൽ പെടുത്തി പത്താംതരം തുല്യതാ കോഴ്സിന് 28 പഠിതാക്കൾക്കായി 51800/രൂപയും (രജിസ്ട്രേഷൻ ഫീസ് @100, കോഴ്സ് ഫീസ് @1750, ആകെ-1850/)ഹയർസെക്കന്ററി തുല്യതാ കോഴ്സിന് 16 പഠിതാക്കൾക്കായി 40000/രൂപയും (രജിസ്ട്രേഷൻ ഫീസ് @100,കോഴ്സ് ഫീസ് @ 2200,അഡ്മിഷൻ ഫീസ് @200 ആകെ 2500)ഉൾപ്പെടെ ആകെ 91800/രൂപ ജില്ലാ സാക്ഷരതാമിഷൻ കോ ഓർഡിനേറ്ററുടെ 05-03-2022 ലെ കത്തിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് നം. 2880100113107 (UCBA0000288-IFSC) ലേക്ക് 23-03-22ലെ ബിൽ പ്രകാരം അടവാക്കിയതായി കാണുന്നു.സാക്ഷരതാ മിഷന്റെ SBI, ശാസ്തമംഗലത്തെ അക്കൗണ്ടായ 57026996123 (SBIN0070023) ൽ തുക അടയ്ക്കാനാണ് കത്തിൽ ആവശ്യപ്പെട്ടിരുന്നത്.എന്നാൽ പ്രോജക്ട് നിർവഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

വിദ്യാർഥികൾ കോഴ്സിൽ പങ്കെടുത്തതിന്റെയും പരീക്ഷ പാസ്സായതിന്റെയും വിവരങ്ങൾ ലഭ്യമല്ല. കൂടാതെ തുക കൈപ്പറ്റിയതിന്റെ വിവരം സാക്ഷരതാമിഷനിൽ നിന്ന് ലഭിച്ചിട്ടുമില്ല. അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതിലേക്കായി നൽകിയ എൻക്വയറി നം. 01/25.10.2022 മറുപടിയായി ധനവിനിയോഗ സർട്ടിഫിക്കറ്റും കൈപ്പറ്റ് രസീതും ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പത്താം തരം തുല്യതാ കോഴ്സിന്റെ റിസൾട്ട് പബ്ലിഷ് ചെയ്തിട്ടില്ലെന്നും ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് 18.08.2022 മുതൽ നടത്തിയിട്ടുള്ളതും ഫൈനൽ പരീക്ഷ നടത്തിയിട്ടില്ലാത്തതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

വിനിയോഗ സാക്ഷ്യപത്രവും അനുബന്ധ രേഖകളും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് .

## 1-46 ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് രജിസ്റ്ററുകളും ഫോറങ്ങളും മുഴുവൻ ലഭ്യമായിട്ടില്ല.

വൗച്ചർ നം.22101283/12.3.22

തുക-185607/-രൂപ ,ചെക്ക് നം.785977/4.3.22

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ഫോംസും,രജിസ്റ്ററുകളും ലഭ്യമാക്കുന്നതിനായി പ്രെഫോർമ ഇൻവോയിസ് പ്രകാരം 185607/-രൂപ നൽകിയിട്ടുണ്ട്.എന്നാൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ ടാക്സ് ഇൻവോയിസ് പ്രകാരം (INV/2323/2021-22 Dt 7.3.22)139624/-രൂപയുടെ സാധനങ്ങൾ ആണ് ലഭ്യമായിട്ടുള്ളത്.45983/-രൂപയുടെ രജിസ്റ്ററുകളും ,ഫോറങ്ങളും ലഭിക്കാൻ അവശേഷിക്കുന്നു.ഗ്രാമപഞ്ചായത്തിൽ ലഭിച്ച രജിസ്റ്ററുകളും ,ഫോറങ്ങളും സ്റ്റോക്കിലെടുത്തിട്ടില്ല.മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.40/1.11.22)മറുപടി ഹാജരാക്കിയില്ല.45983/-രൂപയുടെ രജിസ്റ്ററുകളും ,ഫോറങ്ങളും ലഭിക്കുന്നതുവരെ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-47 അസിസ്റ്റന്റ് എൻജിനീയർ സൂക്ഷിക്കുന്ന കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല.

കേരള ഫിനാഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരം കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ അക്കൗണ്ടിൽ നിന്ന് മാറാത്ത ചെക്കുകൾ എന്നിങ്ങനെയുള്ള തുകകൾ നിശ്ചിത കാലയളവിന് ശേഷം നഗരസഭയുടെ/പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരിച്ചെടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് .പഞ്ചായത്ത് കമ്മിറ്റിയുടെ 24-11-21 ലെ 9/1, നം തീരുമാന പ്രകാരം 2018 മാർച്ച് 31 വരെയുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ,2020 മാർച്ച് 31 വരെ പഞ്ചായത്ത് അക്കൗണ്ടിൽ നിന്ന് ഇഷ്യൂ ചെയ്ത മാറാത്ത ചെക്കുകൾ എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനായി തീരുമാനമെടുത്തതായി കാണുന്നു. എന്നാൽ പ്രസ്തുത തീരുമാനം നടപ്പിലാക്കിയിട്ടില്ല എന്ന് രേഖകൾ പരിശോധിച്ചതിൽ നിന്ന് ബോധ്യമാകുന്നു . മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഡെപ്പോസിറ്റ് നം/ തീയതി | തുക | കരാറുകാരന്റെ പേര് |
|---|---|---|

| | | |
|---|---|---|
| ട്രഷറി സേവിംഗ്സ് ബാങ്ക് JJ No .117736/7.3.18 | 30000 | പി.എം.ഹരിദാസ് |
| JJ No.. 468443/6.2.18 | 15000 | അജേഷ് കുമാർ.എം.ജെ |
| JJ .No. 909002 /3.10.15 | 15000 | അജേഷ് കുമാർ.എം.ജെ |
| JJ No.468099/ 27.6.17 | 102500 | അജേഷ് കുമാർ.എം.ജെ |
| JJ No.228588/18.1.19 | 3800 | കെ.വി.സുധാകരൻ |

കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-48 കുഴൽകിണർ നിർമ്മാണത്തിനായി നിക്ഷേപിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമായില്ല.

2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുഴൽകിണർ നിർമ്മാണത്തിനായി 6 ലക്ഷം രൂപ ഭൂജലവകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. ഭൂജലവകുപ്പ് നൽകുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രസ്തുതവകുപ്പുമായി കരാർ ചമയ്ക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിവിധ പ്രോജക്ടുകളിലുൾപ്പെടുത്തി തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | ചെലവഴിച്ച തുക,ഫണ്ടിനം | ബിൽ നം./തീയതി |
|---|---|---|
| 172/22,കുളമാക്കൽ ഭാഗം കുഴൽകിണർ നിർമ്മാണം വാർഡ് 11 | 100,000 ധനകാര്യകമ്മീഷൻ ഗ്രാന്റ് | XVFC/2021-22 /P/12dt19.3.22 |
| 174/22,ചളുപ്പ്ഭാഗം കുഴൽകിണർനിർമ്മാണം വാർഡ്11 | 100,000 ധനകാര്യകമ്മീഷൻ ഗ്രാന്റ് | XVFC/2021-22 /P/13dt19.3.22 |
| 175/22,പട്ടപ്പടിഭാഗം കുഴൽകിണർനിർമ്മാണം വാർഡ്16 | 100,000 ധനകാര്യകമ്മീഷൻ ഗ്രാന്റ് | XVFC/2021-22 /P/14dt19.3.22 |
| 177/22,ചെറുമല മൂലശേരിഭാഗം കുഴൽ കിണർ നിർമ്മാണം വാർഡ് 17 | 100,000 ധനകാര്യകമ്മീഷൻ ഗ്രാന്റ് | XVFC/2021-22 /P/15dt19.3.22 |
| 179/22,നെന്മേനി നൂറേക്കർ ഭാഗം കുഴൽകിണർ നിർമ്മാണം വാർഡ്21 | 100,000 ധനകാര്യകമ്മീഷൻ ഗ്രാന്റ് | XVFC/2021-22 /P/16dt19.3.22 |
| 181/22,പുലിക്കുന്ന്പനങ്ങാനം ഭാഗം കുഴൽ കിണർ നിർമ്മാണംവാർഡ് 14 | 100,000 ധനകാര്യകമ്മീഷൻ ഗ്രാന്റ് | XVFC/2021-22 /P/17dt19.3.22 |
| ആകെ | 600000 | |

ഭൂജലവകുപ്പിൽ നിക്ഷേപിച്ച 6 ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.39/1.11.22) മറുപടി

ഹാജരാക്കിയില്ല.വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ചെലവഴിച്ച 6 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-49 പഞ്ചായത്തിന്റെ ഉടമസ്ഥതയിലെ ശ്മശാനം - അപര്യാപ്തതകൾ.

മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള (ആസ്തിരജിസ്റ്ററിലെ നം.15711005000000001) ഗ്യാസ് ക്രിമറ്റോറിയം (ദേവയാനം)ഓഡിറ്റിന്റെ ഭാഗമായി സന്ദർശിക്കുകയുണ്ടായി (01-11-2022 ൽ). മുണ്ടക്കയം ഗ്രാമപഞ്ചായത്തിന് മാത്രമല്ല സമീപ പഞ്ചായത്തുകളിലെയും ജനങ്ങൾക്ക് പ്രയോജനകരമായ നിലയിൽ പ്രവർത്തിക്കുന്ന ശ്മശാനം കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് നടത്തിവന്നിരുന്ന നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാതെ പാതിവഴിയിൽ നിർത്തിയിരിക്കുന്നു. മൃതദേഹം ആംബുലൻസിൽ നിന്നോ മറ്റു വാഹനങ്ങളിൽ നിന്നോ ഇറക്കിവയ്ക്കുന്നതിന് സൗകര്യപ്രദമായ മുറിസൗകര്യം നിലവിൽ ഇല്ല. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കുഴിച്ചെടുത്ത കല്ലും മണ്ണും, നിർമ്മാണാവശ്യങ്ങൾക്കായി ഇറക്കിയ സാമഗ്രികളും എല്ലാം പരിസരത്ത് നിരന്ന് കിടക്കുകയാണ്. കൂടാതെ ചൂള സ്ഥാപിച്ചിരിക്കുന്ന കെട്ടിടപരിസരത്തിന് ചുറ്റും കാട്ട് ചെടികളും വള്ളികളും പടർന്നും കാണുന്നു.

ശ്മശാനം നടത്തിപ്പുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന വിവരങ്ങൾ ഓഡിറ്റ് എൻക്വയറി മുഖേന (38/01-11-22) ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമായില്ല.

ക്രിമറ്റോറിയത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് ബൈലോ .

ക്രിമറ്റോറിയത്തിൽ ശവദാഹത്തിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്നവരിൽ നിന്നും, ഗ്രാമപഞ്ചായത്തിന് പുറത്തുള്ളവരിൽ നിന്നും ഈടാക്കുന്ന ഫീസ്, ഇതിന്റെ മാനദണ്ഡം .

ശവദാഹത്തിനായി വേണ്ടിവരുന്ന ഗ്യാസ് സിലണ്ടറുകളുടെ എണ്ണം, ഇതിന്റെ സ്റ്റോക്ക് വിതരണ വിവരങ്ങൾ.

ക്രിമറ്റോറിയവും പരിസരവും നിലവിലെ അവസ്ഥയിൽ ശവസംസ്കാരനടപടികൾക്ക് സൗകര്യപ്രദമായി ഉപയോഗിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം.

ക്രിമറ്റോറിയം പ്രവർത്തനങ്ങൾ നിയമാവലിയിലൂടെ നിയന്ത്രിക്കേണ്ടതും ആധികാരിക രേഖകൾ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. അപര്യാപ്തതകൾ പരിഹരിക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-50 ഹരിതകർമ്മസേന - അവലോകനം

മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് മാലിന്യ നിർമ്മാർജ്ജനം നടത്തുന്നതിന് സുപ്രധാന പങ്ക് വഹിക്കുന്നത് ഹരിതകർമ്മസേനയാണ്. വി.ഇ.ഒ ആണ് ഹരിതകർമ്മസേനയുടെ പ്രവർത്തനം മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ. ഹരിതകർമ്മസേനയിൽ പഞ്ചായത്തിലെ 21 വാർഡുകളിലുമുള്ള 2 അംഗങ്ങൾ വീതമാണുള്ളത്. 21 വാർഡുകളിലും മിനി എം.സി.എഫ്. സ്ഥാപിച്ചിട്ടുണ്ട്. നാലാം വാർഡിലെ മിനി എം.സി.എഫ്. 2021 ലെ വെള്ളപ്പൊക്കത്തിൽ കേട്ടപാട് സംഭവിച്ചു എന്ന് ഹരിതകർമ്മസേന സെക്രട്ടറി ഓഡിറ്റ് സമയത്ത് അറിയിച്ചു. ഹരിതകർമ്മസേന അംഗങ്ങൾക്ക് യൂണിഫോം നൽകുന്നതിന് 233/22 നം. പ്രോജക്ടും വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുന്നതിന് 259/22 നം. പ്രോജക്ടും വി.ഇ.ഓ. നടപ്പാക്കിയിട്ടുണ്ട്. ഹരിതകർമ്മസേനക്ക് യൂസർ ഫീസ് സ്വീകരിക്കുന്നതിന് രസീത് ബുക്ക് നൽകിയിട്ടുണ്ട്. 2021-22 വർഷം ഹരിതകർമ്മസേന സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 221 മുതൽ 419 വരെ 198 എണ്ണം രസീത് ബുക്കുകൾ ആണ് ഉപയോഗിച്ചിരിക്കുന്നത്. മുണ്ടക്കയം യൂണിയൻ ബാങ്കിലെ 337102010016 22 നം. അക്കൗണ്ടിലൂടെയാണ് ഫണ്ട് കൈകാര്യം ചെയ്യുന്നത്. 2021-22 വർഷം 9.8 ലക്ഷം രൂപ യൂസർ ഫീസ് ഇനത്തിൽ ലഭിച്ചിട്ടുണ്ട്(ക്യാഷ് ബുക്ക് പ്രകാരം).

ഹരിതകർമ്മസേനയുടെ വരവ്-ചെലവ് കണക്കുകൾ എല്ലാ മാസവും വി.ഇ.ഓ. പരിശോധിക്കേണ്ടതും വാർഷിക കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലയെന്ന

നിലയ്ക്ക് മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച ബന്ധപ്പെട്ട സ്റ്റാന്റിങ് കമ്മിറ്റികളുടെയും ഭരണസമിതിയുടെയും മേൽനോട്ടം ഉണ്ടാകേണ്ടത് അനിവാര്യമാണ്.

1-51 ലൈഫ് ഭവന പദ്ധതി-അവലോകനം

2021-22 വർഷം 16/21, 17/21, 18/21 പ്രോജക്ടുകൾ പ്രകാരമാണ് യഥാക്രമം ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലൈഫ് ഭവന പദ്ധതി നടപ്പാക്കിയത്. ജനറൽ വിഭാഗത്തിൽ 12 , പട്ടികജാതി വിഭാഗത്തിൽ 2 എന്നിങ്ങനെ 14 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങലിന് ധനസഹായം നൽകി. ഭവനനിർമ്മാണത്തിനുള്ള ഗുണഭോക്താക്കളുടെ എണ്ണം സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു.

| വിഭാഗം | ഗുണഭോക്താക്കൾ | നിലവിൽ ഭവനനിർമ്മാണം പൂർത്തിയാക്കിയവർ | ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവർ |
|---|---|---|---|
| ജനറൽ | 52 | 44 | 8 |
| പട്ടികജാതി | 38 | 23 | 15 |
| പട്ടികവർഗ്ഗം | 5 | 4 | 1 |

പട്ടികജാതി വിഭാഗത്തിൽ ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള 15 ഗുണഭോക്താക്കളിൽ 13 പേരും എസ്.സി. അഡിഷണൽ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ളവരും 2021-22 വർഷത്തിന്റെ അവസാനം മാർച്ച് മാസം കരാർ ചമച്ചവരുമാണ്. ലൈഫ് മൂന്നാം ഘട്ടത്തിൽ ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള ഗുണഭോക്താക്കളുടെ വിവരം ലൈഫ് രജിസ്റ്റർ പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ വാർഡ് | വിഭാഗം | കരാർ തീയതി | 2021-22 വർഷം കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1. | അഫ്സൽ അഷറഫ്, കിഴക്കുമുറിയിൽ /വാർഡ്-2 | ജനറൽ | 30/09/2021 | 40,000/- |
| 2. | ജോസഫ് പി. ജെ., പുളിക്കക്കുമ്പേൽ /വാർഡ്-7 | ജനറൽ | 30/09/2021 | 3 ലക്ഷം |
| 3. | രാജമണി ഇല്ലിക്കൽ/വാർഡ്-20 | ജനറൽ | 11/10/2021 | 40,000/- |
| 4. | അംബിക സോമരാജ്, തോട്ടശ്ശേരി /വാർഡ്-8 | ജനറൽ | 24/11/2021 | 3 ലക്ഷം |
| 5. | തോമസ് ദേവസ്യ, കാവുങ്കൽ /വാർഡ്-17 | ജനറൽ | 08/02/2022 | 40,000/- |
| 6. | സൽമ സലി, കുന്നുംപുറത്ത്/വാർഡ്-8 | ജനറൽ | 19/07/2021 | 2.6 ലക്ഷം |
| 7. | പൊന്നമ്മ കയ്യാലക്കൽ/വാർഡ്-18 | ജനറൽ | 27/07/2021 | 2 ലക്ഷം |
| 8. | ബിന്ദു സുനിൽകുമാർ, തോമ്പിൽ | ജനറൽ | 23/11/2021 | 40,000/- |

| | | | | |
|---|---|---|---|---|
| 9. | അനിൽ പി. റ്റി., പൂന്തുറയിൽ /വാർഡ്-14 | പട്ടികജാതി | 20/08/2020 | 3.6 ലക്ഷം |
| 10. | സൗമ്യ കെ. എസ്, തെങ്ങുംതോട്ടത്തിൽ /വാർഡ്-17 | പട്ടികജാതി | 14/01/2022 | 40,000/- |

ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ 2022-23 വർഷവും ലൈഫ് ഗഡു കൈപ്പറ്റിയതായി ലൈഫ് മിഷൻ രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നു. ലൈഫ് മിഷൻ എല്ലാ ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തിയാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതും കൃത്യമായി മോണിട്ടറിംഗ് നടത്തേണ്ടതുമാണ്.

## 1-52 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം.68/22

അടങ്കൽ -500000രൂപ(റ്റി.എസ്.പി)

ചെലവഴിച്ച തുക-450,000രൂപ

ബിൽ നം.25/21-22, 50000/- തീയതി 04.02.2022

എസ്.റ്റി.വിഭാഗം ഗുണഭോക്താക്കൾക്കുള്ള പഠനമുറി നിർമ്മാണം അഡ്വാൻസ് 50,000 രൂപ കൈപ്പറ്റിയ ആര്യ.കെ.എസ് മടുക്കയിൽ ,പുലിക്കുന്ന് എന്ന ഗുണഭോക്താവ് പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് വാല്യവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവസാനഗഡു കൈപ്പറ്റിയിട്ടില്ല. ടി ഗുണഭോക്താവ്പഠനമുറി നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ച് നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പക്ഷം അഡ്വാൻസായി നൽകിയ 50,000/- രൂപ തിരികെ ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19.3.22 ലെ 2(6)-ാം നമ്പർ തീരുമാനത്തിൽ 20-21 സാമ്പത്തിക വർഷം 121/21 എന്ന പ്രോജക്ടിലുൾപ്പെടുത്തി പഠനമുറി നിർമ്മാണത്തിനായി 50,000/-രൂപ അഡ്വാൻസ് കൈപ്പറ്റി പഠനമുറി നിർമ്മാണം നടത്തിയിട്ടില്ലാത്ത അനിതസുരാജ് എന്നഗുണഭോക്താവിൽ നിന്നും ആർ.ആർ നടപടികളിലൂടെ തുക ഈടാക്കാൻ തീരുമാനിച്ചിരുന്നു.തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-53 കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ ഡോമിസിലിയറി കെയർ സെന്റർ(ഡി സി സി)06-05-2021 മുതൽ 30-09-2021 വരെ മുണ്ടക്കയം സെന്റ് ജോസഫ് ഹൈസ്കൂളിൽ പ്രവർത്തിക്കുകയുണ്ടായി.ജില്ലാ ദുരന്ത നിവാരണ അതോറിട്ടിക്ക് സമർപ്പിച്ച കണക്കുകൾ പ്രകാരം ഡി.സി.സി നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച ആകെ തുക 1834822/രൂപയാണ്.ഡി.സി.സി പ്രവർത്തനങ്ങൾക്കായി മുൻകൂർ 100000/രൂപ ജില്ലാ ദുരന്ത നിവാരണ അതോറിട്ടിഅനുവദിക്കുകയുണ്ടായി.കൂടാതെ ജില്ലാ ദുരന്ത നിവാരണ അതോറിട്ടിയുടെ 06-08-2022 ലെ ഡി.എം1-6182/2020 ഉത്തരവ് പ്രകാരം 841686/രൂപയും അനുവദിച്ചു.എന്നാൽ തുക അക്കൗണ്ടിൽ ലഭ്യമായിട്ടില്ല.ഇത് സാമൂഹ്യ അടുക്കളനടത്തിപ്പ് ,മൈക്ക് അനൗൺസ് മെന്റ്,കണ്ടൈൻമെന്റ് സോൺതിരിക്കൽ ,ആംബുലൻസ് സർവ്വീസ് തുടങ്ങി നിരവധി ചെലവുകൾ തനതുഫണ്ടിൽ നിന്ന് നടത്തുകയുണ്ടായി.കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് പി.എച്ച്.സി യിൽ പ്രത്യേക സൗകര്യമൊരുക്കിയതിന് 182/22നമ്പർ പ്രോജക്ട് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് 328884/രൂപ ചെലവഴിക്കുകയുണ്ടായി.ഇപ്രകാരം കാര്യക്ഷമമായ കോവിഡ് പ്രതിരോധ നടപടികൾ

ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 30/07/2022-ലെ I/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ 25/10/2022 ലെ എ1-3442/21 നം. കത്ത് മുഖേനയും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 25/10/2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2021-22 ൽ സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 2021-22 | 1,714,775/- | ലൈഫ് മിഷൻ ഭവന നിർമ്മാണം-ജനറൽ(16/22) | 1,714,775/- | 0 |
| | 2021-22 | 980,000/- | ലൈഫ് ഭവന പദ്ധതി-പട്ടികജാതി(17/22) | 980,000/- | 0 |
| | 2021-22 | 100,000/- | ലൈഫ് ഭവന പദ്ധതി-ടി.എസ്.പി.(18/22) | 100,000/- | 0 |
| | 2021-22 | 409,980/- | ഭിന്നശേഷി | 409,980/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | കുട്ടികൾക്ക് സ്കോളർഷിപ്പ് (66/22) | | |
| | 2021-22 | 200,000/- | അങ്കണവാടികളിൽ കുടിയുള്ള അനുപൂരക പോഷകാഹാര പരിപാടി(58/22) | 200,000/- | 0 |
| | 2021-22 | 250,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(20/22) | 250,000/- | 0 |
| | - | 100,000/- | നെൻമേനി കുമ്പളന്താനം 15 ഏക്കർ റോഡ് കോൺക്രീറ്റ് സംരക്ഷണഭിത്തി വാർഡ്-21 (216/22) | 100,000/- | 0 |
| | ആകെ | 3,754,755/- | ആകെ ബ്ലോക്ക് വിഹിതം 2021-22 | 3,754,755/- | 0 |
| കോട്ടയം ജില്ല പഞ്ചായത്ത് | 2021-22 | 980,000/- | ലൈഫ് ഭവന പദ്ധതി-പട്ടികജാതി(17/22) | 980,000/- | 0 |
| | 2021-22 | 549,500/- | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് (66/22) | 549,500/- | 0 |
| | 2021-22 | 167,580/- | അങ്കണവാടികളിൽ കുടിയുള്ള അനുപൂരക പോഷകാഹാര പരിപാടി(58/22) | 167,580/- | 0 |
| | 2021-22 | 250,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(20/22) | 250,000/- | 0 |
| | ആകെ | 1,947,080/- | ജില്ല പഞ്ചായത്ത് വിഹിതം | 1,947,080/- | 0 |

സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ടിന്റെ വിനിയോഗം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(എ.സി.ആർ.) സൂക്ഷിച്ചിട്ടില്ല എന്നതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നതും ചെലവഴിക്കുന്നതുമായ സംയുക്ത പ്രോജക്ട് ഫണ്ടുകൾ ലഭിച്ച കാലയളവ്, ലഭിച്ച ഉദ്ദേശ്യം തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ലഭ്യമല്ല. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ആകെ ചെലവ് പത്രിക പ്രകാരം 3,754,755/- രൂപയും പത്രിക പ്രകാരം 3,250,255/- രൂപയുമാണ്. ചെലവിലുള്ള വ്യത്യാസം 504,500/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിലവിലുണ്ടായിരുന്ന മുൻവർഷങ്ങളിൽ ലഭിച്ച

തുകയിൽ നിന്ന് ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ പ്രസ്തുത ഫണ്ടുകളുടെ ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളുടെ കൃത്യത വ്യക്തമല്ല. ഓരോ ഗ്രാന്റ്/വിഹിതം ശീർഷകത്തിലും അക്കൗണ്ട് ചെയ്യുന്ന ഫണ്ടിന് എ.സി.ആർ. കൃത്യമായി സൂക്ഷിച്ച് കണക്കുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2021-22 വർഷത്തിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തിയായി പ്രോജക്ട് നടത്തുന്നതിന് ഭൂജല വകുപ്പിൽ സെക്രട്ടറിയുടെ 6 പ്രോജക്ടുകൾ പ്രകാരം 6 ലക്ഷം രൂപ നിക്ഷേപിച്ചിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | കുളമാക്കൽ ഭാഗം കുഴൽക്കിണർ നിർമ്മാണം വാർഡ്-11 (172/22) | 100,000/- | ഇല്ല | 100,000/- |
| | ചുരുപ്പ് ഭാഗം കുഴൽക്കിണർ നിർമ്മാണം വാർഡ്-11 (174/22) | 100,000/- | ഇല്ല | 100,000/- |
| | പട്ടപ്പടി ഭാഗം കുഴൽക്കിണർ നിർമ്മാണം വാർഡ്-16 (175/22) | 100,000/- | ഇല്ല | 100,000/- |
| | ചെറുമല മുല്ലശ്ശേരി ഭാഗം കുഴൽക്കിണർ നിർമ്മാണം വാർഡ്-17 (177/22) | 100,000/- | ഇല്ല | 100,000/- |
| | നെൻമേനി 100 ഏക്കർ ഭാഗം കുഴൽക്കിണർ നിർമ്മാണം വാർഡ്-21 (179/22) | 100,000/- | ഇല്ല | 100,000/- |
| | പുലിക്കുന്ന് പനങ്ങാനം | 100,000/- | ഇല്ല | 100,000/- |

| | | | | |
|---|---|---|---|---|
| | ഭാഗം കഴൽക്കിണർ നിർമ്മാണം വാർഡ്-14 (181/22) | | | |
| ആകെ | | 600,000/- | - | 600,000/- |

വിവിധ ഏജൻസികളിലെ നിക്ഷേപം അഡ്വാൻസ് നൽകിയത് ഏജൻസികളുമായി കരാർ ചമച്ചിട്ടില്ല. പ്രോജക്ടുകൾ പ്രകാരം കരാർ ചമച്ചയ്ക്കേണ്ടതും പ്രവൃത്തി പൂർത്തിയാക്കി നിക്ഷേപ തുക ക്രമീകരിക്കേണ്ടതുമാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2021-22 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തരിച്ചടവ്

2021-22 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 28,841,642/- | 3,300,000/- | 4,605,333/- | - | 27,536,309/- |

സെക്രട്ടറിയുടെ 316/22,320/22,385/22 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ(General) നിന്നും 3,441,826/- രൂപയും 317/22,321/22,368/22 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ(SCSP) യിൽ 1,135,100/- രൂപയും 322/22,369/22 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ(TSP) യിൽ 28,407/- രൂപയും എന്നിങ്ങനെ ആകെ 4,605,333/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ സ്ഥിരനിക്ഷേപത്തിന്റെ കണക്കുകളുടെവിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 37,784,264/- |
| തൻവർഷം നിക്ഷേപിച്ച തുക | 2,733,737/- |
| തനത് ഫണ്ടിലേക്ക് ലഭിച്ചത് തുക | 120,000/- |
| ആകെ | 40,638,001/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 120,000/- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 40,518,001/- |

റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള 37,318/- രൂപ സ്ഥിരനിക്ഷേപ പലിശ പിൻവലിച്ചതായി കാണുന്നു. എഫ്.ഡി. നം.12 ന് ലഭ്യമായ പലിശ തനത് ഫണ്ടിലേക്ക് ലഭിച്ചത് 1.2 ലക്ഷം രൂപയാണ്. 37,318/- രൂപ സ്ഥിരനിക്ഷേപ പലിശവരവായും ബാക്കി തുക ബാങ്ക് അക്കൗണ്ടിൽ നിന്ന് ലഭിച്ച പലിശയായും രണ്ട് ശീർഷകങ്ങളിലായി ആണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതാണ്.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

സ്ഥിരനിക്ഷേപ രജിസ്റ്റർ പ്രകാരം 16 എണ്ണം സ്ഥിരനിക്ഷേപങ്ങൾ വിവിധ ബാങ്കുകളിൽ നിക്ഷേപമായി നിലനിൽക്കുന്നു. എഫ്.ഡി. സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള 2021-22 സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം താഴെ ചേർക്കുന്നു.

| എഫ് ഡിനം. | നിക്ഷേപത്തിന്റെ വിവരം | അക്കൗണ്ട് നം. | മുന്നിരിപ്പ് | പലിശ നിക്ഷേപം | 31/03/2022 നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | കണ്ണിമല എസ്.സി.ബി. | 5700 | 1,388,583/- | 261,281/- | 1,649,864/- |
| 2 | കണ്ണിമല എസ്.സി.ബി. | 5974 | 1,489,581/- | 185,545/- | 1,675,126/- |
| 3 | എസ്.ബി.റ്റി, പുഞ്ചവയൽ | 67177241448 | 1,834,052/- | 93,436/- | 1,927,488/- |
| 4 | എസ്.സി.ബി, മുണ്ടക്കയം | 2659/11 | 1,723,952/- | 259,373/- | 1,983,325/- |
| 5 | എസ്.ബി.റ്റി, പുഞ്ചവയൽ | 67197018324 | 2,568,979/- | 128,212/- | 2,697,191/- |
| 6 | കണ്ണിമല എസ്.സി.ബി | 11508 | 987,161/- | 106,897/- | 1,094,058/- |
| 7 | എസ്.സി.ബി, മുണ്ടക്കയം | 1445/12 | 824,403/- | 121,860/- | 946,263/- |
| 8 | എസ്.സി.ബി, ഇഞ്ചിയാനി | 7424 | 1,942,657/- | 140,843/- | 2,083,500/- |
| 9 | എസ്.ബി.റ്റി, മുണ്ടക്കയം | 67213885938 | 1,693,985/- | 86,301/- | 1,780,286/- |
| 10 | യൂണിയൻ ബാങ്ക് മുണ്ടക്കയം | 245622 | 1,833,585/- | 90,301/- | 1,923,886/- |
| 11 | എസ്.ബി.റ്റി, പുഞ്ചവയൽ | 67218449011 | 4,231,588/- | 215,580/- | 4,447,168/- |
| 12 | ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 0502018067204251 | 2,000,000/- | 0 | 2,000,000/- |
| 13 | എസ്.സി.ബി, ഇഞ്ചിയാനി | 7758 | 910,466/- | 66,009/- | 976,475/- |
| 14 | എസ്.സി.ബി, മുണ്ടക്കയം | 1101/19 | 5,387,500/- | 385,575/- | 5,773,075/- |
| 15 | എസ്.സി.ബി, മുണ്ടക്കയം | 1102/19 | 5,818,500/- | 416,422/- | 6,234,922/- |

| | | | | | |
|---|---|---|---|---|---|
| 16 | ഗ്രാമീൺ ബാങ്ക്, മുണ്ടക്കയം | 140544202000037 | 3,149,272/- | 176,102/- | 3,325,374/- |
| - | ആകെ | - | 37,784,264/- | 2,733,737/- | 40,518,001/- |

എഫ് ഡി. നം.4,7,14,15 എന്നിവയിൽ യഥാക്രമം 3,555/-, 2,405/-, 9,078/-,9,803/- എന്നിങ്ങനെ പലിശതുക 24,841/- രൂപ കൂടുതലായും എഫ് ഡി. നം.5 പ്രകാരം 10/- രൂപ കുറവായും ആണ് പലിശ മുതലിനോട് ചേർത്തതായി അക്കൗണ്ട് ചെയ്തിരിക്കുന്നത്. ആയതിനാൽ 31/03/2022 ലെ ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു. 31/03/2022-ൽ 4.052 കോടി രൂപ മൂല്യമുള്ള പഞ്ചായത്തിലെ സ്ഥിരനിക്ഷേപം അക്കൗണ്ടിങ്ങ് കൃത്യമായി ചെയ്യേണ്ടതാണ്.

### 4-7 ഓഡിറ്റ് റിക്കവറി

2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 ചെലവ് | 17 | 2000-01 | Iv-1-29(ബി) | അങ്കണവാടികൾക്ക് കെട്ടിടം പണിയൽ-ധനദുർവിനിയോഗം | നിയമസഭാസമിതി നിർദേശപ്രകാരം തുക തട്ടിക്കിഴിക്കാനാവുമോ എന്ന് പരിശോധിക്കുന്നതിലേക്ക്, നിർമ്മിച്ച കെട്ടിട ഭാഗങ്ങളുടെ എസ്റ്റിമേറ്റ് എടുക്കാൻ എൻജിനീയറെ ചുമതലപ്പെടുത്തി. |
| 1997-98 ചെലവ് | 6 | 2000-01 | Iv-29 (എ) | മലിനജല കനാൽ വൃത്തിയാക്കൽ-വേലക്കൂലി നൽകൽ | തുക തിരികെയൊടുക്കിയത് ബഹു. നിയമസഭാ സമിതിയെ ബോദ്ധ്യപ്പെടുത്തി. |
| പൊതുപരാമർശം | | 2011-12 | 3-1-23 | കാർഷികപദ്ധതികളും കൃഷിഭവനും – പ്രവർത്തനാവലോകനം. | 17-6-15 ലെ തെളിവെടുപ്പ് യോഗത്തിൽ സെക്രട്ടറി കൃഷി ഓഫീസർ എന്നിവർ റിപ്പോർട്ട് നല്കി. |
| പൊതുപരാമർശം | | 2011-12 | 3-1-6 | കൃഷിഭവനിലെ ഭൗതികസാഹചര്യം എന്ന പരാമർശം. | 27.5.15 ലെ തെളിവെടുപ്പ് യോഗത്തിൽ റിപ്പോർട്ടു നല്കി. |

| | | | | | |
|---|---|---|---|---|---|
| 2009-10, 2010-11 | | 2011-12 | 3-1-19 | ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ | 27.5.15 ലെ തെളിവെടുപ്പ് യോഗത്തിൽ റിപ്പോർട്ട് നല്കി. |
| 2004-05 ചെലവ് | 2-12 | 2006-07 | 3-32-1 | കേന്ദ്രാവിഷ്കൃത പദ്ധതി, എസ്.ജി.ആർ.വൈ ഭക്ഷ്യധാന്യ ദുർവിനിയോഗം. | വിജിലൻസ് കേസ് നിലനിൽക്കുന്നു. നിയമസഭാ സമിതി 2014-16 ന്റെ 52 മത് റിപ്പോർട്ട് ഖണ്ഡിക 29 പ്രകാരം തുടർനടപടിക്ക് ശുപാർശ ചെയ്തു |
| 1999-2000 | 67,68 | 2002-03 | VII-5-5-1 | ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് നിർമാണം -ഉയർന്ന നിരക്കിൽ സാധനം വാങ്ങിയതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് 40960/- രൂപ ഈടാക്കി. ബാക്കി തുക ഈടാക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയർക്ക് നോട്ടീസ് നല്കി. |
| 2014-15 | 2-3-1<br>2-3-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | - |
| 2015-16 | 2-3-1<br>2-3-2<br>2-3-3<br>2-3-4<br>2-3-5 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | - |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 168,740,139/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 130,763,742/- |
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7,889,004/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-35 | 20,410/- | ഗിരിജ കുമാരി അയ്യപ്പൻ, സെക്രട്ടറി |
| 1-36 | 28,473/- | ഗിരിജ കുമാരി അയ്യപ്പൻ, സെക്രട്ടറി |
| 1-37 | 315,000/- | ഗിരിജ കുമാരി അയ്യപ്പൻ, സെക്രട്ടറി |
| 1-38 | 4,687/- | റിയ ആന്റെണി, കൃഷി ഓഫീസർ |
| 1-39 | 274,850/- | ഗിരിജ കുമാരി അയ്യപ്പൻ, സെക്രട്ടറി |
| 1-40 | 1,663,718/- | ബിന്ദു എം ആർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-42 | 4,935,883/- | ബെന്നി തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-46 | 45,983/- | ഗിരിജ കുമാരി അയ്യപ്പൻ, സെക്രട്ടറി |
| 1-48 | 600,000/- | ഗിരിജ കുമാരി അയ്യപ്പൻ, സെക്രട്ടറി |
| ആകെ | 7,889,004/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല (ഖണ്ഡിക 1-29 നിർദ്ദേശ പ്രകാരം GST 3,474/-രൂപ അടവാക്കി)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1-16,1-22,1-23,1-24,1-25,1-31

ഭരണവകുപ്പ് തലത്തിൽ വ്യക്തത വരുത്തേണ്ടത്- ഖ.1-12

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

### 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/10/2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98(വരവ്) | കെ.എസ്.എ.- കെ.ടി.എം.പി11/അദാ- | 1 |

| | | |
|---|---|---|
| | 2022/415(2) /2022/02.08.2022 | |
| 1997-98(ചെലവ്) | കെ.എസ്.എ.- കെ.ടി.എം.പി11/അദാ- 2022/415/2022/02.08.2022 | 5 |
| 1998-99(ചെലവ്) | കെ.എസ്.എ.- കെ.ടി.എം.പി11/അദാ- 2022/415(3) /2022/02.08.2022 | 1 |
| 1998-99 (വരവ്) | കെ.എസ്.എ.- കെ.ടി.എം.പി13/1606/ 16/12.06.2017 | 1 |
| 1999-2000 | കെ.എസ്.എ.- കെ.ടി.എം.പി11/അദാ- 2022/415(4) /2022/02.08.2022 | 4 |
| 2000-01 | കെ.എസ്.എ.- കെ.ടി.എം.പി11/അദാ- 2022/415(3) /2022/02.08.2022 | 1 |
| 2001-02 | എൽ.എഫ്.കെ.പി.9/1044 /08/30.6.09 | 11 |
| 2000-01&01-02 ജനകീയാസൂത്രണം | കെഎസ്എ.കെടിഎം.പി- 13/1604/16/ 22.01.2018 | 11 |
| 2002-03(ചെലവ്) | കെ.എസ്.എ.- കെ.ടി.എം.പി11/അദാ- 2022/961/2022/02.08.2022 | 1 |
| 2003-04(ചെലവ്) | എൽ.എഫ്.കെ.പി9/81 /07/06.11.07 | 33 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി9/1046 /08/06.07.09/ 08.09.2009 | 11 |
| 2004-05(വരവ്) | എൽ.എഫ്.കെ.പി9/827 /08/3.3.10 | 23 |
| 2004-05(ചെലവ്) | കെ.എസ്.എ.- കെ.ടി.എം.പി11/അദാ- 2022/961/2022/02.08.2022 | 1 |
| 2005-06 | എൽ.എഫ്.കെ.പി1/960 /അദാ/എൽ(3)/2011(6) /25.08.2011 | 14 |
| 2006-07 | എൽ.എഫ്.കെ.പി9/552 /14.5.2012 | 19 |
| 2007-08 | കെഎസ്എ കെടിഎം പി13/1612/2016/12.06.2017 | 11 |
| 2008-09 | എൽ.എഫ്.കെ.പി13/530(1) | 11 |

| | | |
|---|---|---|
| | /13/15.6.2013 | |
| 2009-10 | എൽ.എഫ്.കെ.പി.13/530(2) /13/15.6.2013 | - |
| 10-11&11-12 | കെഎസ്എ.കെടിഎം.പി-11/(അദാ.18)/ 196(7)/18 /28.02.2018 | 10 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി.13/1609/16/ 07.6.2017 | 11 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.13/537/ 16/21.12.2016 | 10 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.13/1456/16/ 30.05.2017 | 11 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.13/974/ 17/16.08.2017 | 19 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.11/1422/ 17/25.1.2018 | 26 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.11/190/2019/ 4.02.19/7.12.2019 | 28 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.11/1956 /2020/ 17.09.2020 | 44 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി.11/423 /2022/23.03.2022 /25.03.2022 | 33 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി.11/424 /2022/30.03.2022 /02.04.2022 | 43 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്